# കേരളസർക്കാർ

# തദ്ദേശസ്വയംഭരണ (ആഡി) വകുപ്പ്

## വിജ്ഞാപനം

**സ.ഉ(പി) നമ്പർ 154/2019 തസ്വഭവ. തിരുവനന്തപുരം**

**1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994 ലെ 20-ാം ആക്ട് ) 567-ാം വകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ഉണ്ടാക്കിയിട്ടുള്ളതും പ്രസ്തുത ആക്ടിലെ 572-ാം വകുപ്പ് പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതുമായ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പ്ലാസ്റ്റിക് ഖരദ്രവ-ഇ മാലിന്യപരിപാലന നിയമാവലി 2019 പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ വിജ്ഞാപനം ചെയ്തുകൊള്ളുന്നു.**

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

## പ്ലാസ്റ്റിക് ഖര ദ്രവ-ഇ -മാലിന്യ പരിപാലനനിയമാവലി 2019

## വിജ്ഞാപനം

എഫ്6/73001/16

### പീഠിക

1994 ലെ കേരളമുനിപ്പാലിറ്റി ആക്ട് (1994ലെ 20-ാം ആക്ട്) 334 എ(എ) 567(33) (34) എന്നീ വകുപ്പുകൾ അനുസരിച്ചും 1986 ലെ പരിസ്ഥിതി (സംരക്ഷണ) ആക്ട് (1986 ലെ 29-ാം ആക്ട്) കീഴിൽ വിജ്ഞാപനം ചെയ്ത 2016 ലെ ഖരമാലിന്യ പരിപാലനചട്ടങ്ങളിലെ 15(ഇ) ചട്ടം 2016ലെ പ്ലാസ്റ്റിക് മാലിന്യപരിപാലനചട്ടങ്ങളിലെ 6(4) ചട്ടം 2016ലെ ഇ-മാലിന്യ പരിപാലന ചട്ടങ്ങളിലെ 17-ാം ചട്ടം 2016ലെ കെട്ടിട നിർമ്മാണം പൊളിക്കൽ മാലിന്യ പരിപാലനചട്ടങ്ങളിലെ 6-ാം ചട്ടപ്രകാരവും കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ താഴെപറയുന്ന നിയമാവലി ഉണ്ടാക്കുന്നു .

**പേരും മേൽവിലാസവും: കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ, കോഴിക്കോട്**

**1. ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും** .-

18/06/2019 ലെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ 32-ാം നമ്പർ തീരുമാനപ്രകാരവും, മാലിന്യ പരിപാലനം 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം കോർപ്പറേഷനിൽ നിക്ഷിപ്തമായ ചുമതലയാകയാലും അത് 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്ടിന് കീഴിൽ രൂപപ്പെടുത്തിയിട്ടുള്ള, 2016 ലെ ഖരമാലിന്യ - പരിപാലന ചട്ടങ്ങൾ (സോളിഡ് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016), 2016 ലെ പ്ലാസ്റ്റിക് മാലിന്യ-പരിപാലന ചട്ടങ്ങൾ (പ്ലാസ്റ്റിക് വേയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് , 2016), 2016 ലെ ഇ-മാലിന്യ പരിപാലന ചട്ടങ്ങൾ (ഇ- വേയ്സ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016), 2016 ലെ ബയോ-മെഡിക്കൽ മാലിന്യ-പരിപാലന ചട്ടങ്ങൾ (ബയോ മെഡിക്കൽ വേയ്സ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016), 2016 ലെ കെട്ടിട നിർമ്മാണം - പൊളിക്കൽ മാലിന്യ - പരിപാലന ചട്ടങ്ങൾ (കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേയ്സ്റ്റ് മാനോജ്മെന്റ് റൂൾസ് 2016 ) എന്നീ ചട്ടങ്ങൾ പ്രകാരം പരിപാലനം ചെയ്യപ്പെടേണ്ടതാകയാലും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 567(33) വകുപ്പ് പ്രകാരം മുനിസിപ്പൽ കൗൺസിലിൽ നിക്ഷിപ്തമായ അധികാരത്തിലും പ്ലാസ്റ്റിക ഖര-ദ്രവ-ഇലട്രിക് ഇലക്ട്രോണിക് മാലിന്യങ്ങളും, കെട്ടിടനിർമ്മാണം, പൊളിക്കൽ എന്നിവയുടെ ഭാഗമയി വരുന്ന മാലിന്യങ്ങൾ പരിപാലനം ചെയ്യുന്ന സംവിധാനം സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും അപകട കാരികളായ വ്യവസായിക മാലിന്യ

ങ്ങളും, 1986-ലെ പരിസ്ഥിതി (സംരക്ഷണ) നിയമത്തിൻ കീഴിൽ രൂപപ്പെടുത്തപ്പെട്ട പ്രത്യേക ചട്ടങ്ങൾ പ്രകാരം പരിപാലനം ചെയ്യപ്പെടേണ്ടതിനാലും.സമൂഹത്തിൽ ഫലപ്രദമായി ഒരു പ്ലാസ്റ്റിക്ക്-ഖര-ദ്രവ-ഇ-മാലിന്യ മാനേജ്മെന്റ് പദ്ധതിയും, സംസ്ക്കരണവും രൂപപ്പെട്ടുവരണമെങ്കിൽ ശരിയായ നിയമങ്ങളുടെ നിർമ്മാണവും, നടപ്പിൽ വരുത്തലും നിലവിലുള്ള പ്ലാസ്റ്റിക് ഖര-ദ്രവ- ഇ - മാലിന്യസംസ്ക്കരണ രീതികളും, ഉടമ്പടികളും, നടപടിക്രമങ്ങളും യുക്തിഭദ്രമായി നവീകരിക്കുന്നത് മുതൽ സജീവമായ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതുവരെ എല്ലാം ഉൾപ്പെടുന്ന ഒരു നയംതന്നെ കോർപ്പറേഷന് ആവശ്യമാണെന്നു കാണുകയാലും മാലിന്യം വൻതോതിൽ പുറംതള്ളുന്ന മേഖലയിലെ താമസക്കാരും, വ്യാപാരികളും, വ്യവസായികളും എല്ലാം ഉൾപ്പെടുന്ന പൗരസമൂഹം നഗരത്തെ വൃത്തിയായി സൂക്ഷിക്കുന്നതിനും, മാലിന്യം പൊതുനിരത്തുകളിൽ വലിച്ചെറിയാതിരിക്കുന്നതിനും, മാലിന്യം വേർതിരിച്ചു നൽകൽ, ജൈവ മാലിന്യങ്ങൾ പച്ച നിറത്തിലുള്ള കണ്ടെയിനറുകളിലും, പ്ലാസ്റ്റിക് പേക്കിംഗ് സാധനങ്ങൾ തുടങ്ങിയവ ഇളം നീല നിറത്തിലുള്ള സംഭരണികളിലും , പ്ലാസ്റ്റിക് ബോട്ടിലുകൾ തുടങ്ങിയവ കടും നീല കണ്ടെയിനറുകളിലും , പേപ്പർ തുടങ്ങിയവ വെള്ള നിറത്തിലുള്ള കണ്ടെയിനറുകളിലും , ലോഹങ്ങൾ ചാരനിറത്തിലുള്ള കണ്ടെയിനറുകളിലും കുപ്പികൾ, കുപ്പിച്ചില്ലുകൾ,ഗ്ലാസുകൾ, തുടങ്ങിയവ മഞ്ഞനിറത്തിലുള്ള സംഭരണികളിലും , ചെരുപ്പ് , റെക്സിൻ, തെർമോകോൾ , ഫ്ളക്സുകൾ ബേഗുകൾ തുടങ്ങിയ മാലിന്യങ്ങൾ കറുപ്പു നിറത്തിലുള്ള സംഭരണികളിലും, പഴയതുണിത്തരങ്ങൾ വസ്ത്രങ്ങൾ തുടങ്ങിയ മാലിന്യങ്ങൾ മഞ്ഞ കലർന്ന വെള്ള കണ്ടെയിനറുകളിലും , ഇലക്ട്രിക്, ഇലക്ട്രോണിക് മാലിന്യങ്ങൾ ബ്രൗൺ കണ്ടെയിനറുകളിലും, കാലാവധി കഴിഞ്ഞ മരുന്നുകൾ , പെയിന്റ് പാത്രങ്ങൾ,കീടനാശിനി പാത്രങ്ങൾ, സി എഫ് എൽ ബൾബുകൾ, പൊട്ടിയ തെർമോമീറ്റർ, ഉപയോഗശൂന്യമായ ബാറ്ററികൾ തുടങ്ങിയവ ചുവപ്പ് കണ്ടെയിനറുകളിലും നിക്ഷേപിക്കൽ, ശേഖരിച്ച് സൂക്ഷിക്കൽ , നിശ്ചിത സമയത്തുമാത്രം നിക്ഷേപിക്കൽ തുടങ്ങിയ കാര്യങ്ങളിലും ജാഗ്രതകാട്ടുന്നില്ല എന്നതിനാലും നഗരസഭയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന് വേണ്ടി സെക്രട്ടറി മാലിന്യം പൊതുനിരത്തുകളിൽ നിക്ഷേപിക്കുന്നത് തടഞ്ഞുകൊണ്ടും, മാലിന്യം വേർതിരിച്ച് സൂക്ഷിക്കുകയും, കൈമാറുകയും ശേഖരിക്കുകയും ചെയ്യണമെന്നത് നിർബന്ധമാക്കിക്കൊണ്ടും. കെട്ടിടങ്ങൾക്കും, വീടുകൾക്കും, സ്ഥാപനങ്ങൾക്കും നക്ഷത്ര പദവിയും , ആയതിന്റെ ഉടമസ്ഥർക്ക് പ്രത്യേക അവകാശ കാർഡ് നൽകലും, കോർപ്പറേഷന്റെ പൊതു ധാരയിലെത്തുന്ന ഖരമാലിന്യത്തിന്റെ അളവ് കുറക്കുന്നതിനായി , കെട്ടിട ഉടമകൾ സ്വന്തമായി ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി തുടങ്ങി പരിപാലിക്കുന്നത് പ്രോത്സാഹിപ്പിക്കുക. ആയതിന്റെ ആവശ്യത്തിലേക്കായി പ്ലാസ്റ്റിക് -ഖര-ദ്രവ - ഇ-മാലിന്യ സംസ്ക്കരണം നിർബന്ധമാക്കിയും നിയമാവലി പുറപ്പെടുവിക്കുന്നു.

## 2. ഈ വിജ്ഞാപനത്തിന്റെ വിശാല ലക്ഷ്യങ്ങൾ: -

(1) പ്ലാസ്റ്റിക്ക്-ഖര-ദ്രവ- ഇ -മാലിന്യങ്ങൾ പരിപാലനം ചെയ്യുന്ന രീതിയിൽ നഗര ജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തിക്കൊണ്ടും പരിസ്ഥിതി മലിനീകരണം ഒഴിവാക്കിക്കൊണ്ടും നവീകരിക്കൽ;

(2) വൃത്തിയും മികച്ച ആരോഗ്യശുചിത്വ നിലവാരങ്ങളുമുള്ള ഒരു നഗരസമൂഹ സൃഷ്ടി;

(3) പൊതുസ്ഥലങ്ങൾ പൂർണ്ണമായും മാലിന്യ വിമുക്തമാക്കൽ;

(4)പ്രദേശത്തിന്റെ മുഖ്യജല സ്രോതസ്സായ എലത്തൂർ, കല്ലായ്,എരഞ്ഞിക്കൽ, ഫറോക്ക്പുഴകളുടെയും കനോലി കനാലിന്റെയും മറ്റു ജല സ്ത്രോസുകളുടെയും മലിനീകരണം തടയലും സംരക്ഷണവും പരിപാലനവും;

(5) പരമാവധി മാലിന്യം പുന:ചംക്രമണം (recycle) ചെയ്യൽ;

(6) പരമാവധി ജൈവഖരദ്രവ മാലിന്യങ്ങളെ പ്രദേശിക സംവിധാനങ്ങളുപയോഗിച്ച് സംസ്ക്കരിക്കൽ;

(7) നിലവിലുള്ള കേന്ദ്രീകൃത, വികേന്ദ്രീകൃത ഖര മാലിന്യസംസ്ക്കരണ കേന്ദ്രങ്ങളിലേയ്ക്ക് പരമാവധി കുറച്ച് മാലിന്യം മാത്രം എത്തിക്കുന്ന രീതിയിൽ ഉപഭോഗശീലങ്ങൾ ക്രമപ്പെടുത്തൽ;

(8) സീവേജ് / ദ്രവമാലിന്യങ്ങൾ സംസ്ഥാന മലീനീകരണ നിയന്ത്രണ ബോർഡ് അംഗീകരിച്ച ഏജൻസി വഴിയോ, കോർപ്പറേഷന്റെ നിലവിലുള്ള സംവിധാനങ്ങൾ വഴിയോ , പൊതുജനാരോഗ്യത്തിന് ദോഷകരമല്ലാത്ത രീതിയിൽ കൈയൊഴിക്കൽ;

(9) വലിച്ചെറിയപ്പെട്ട മാലിന്യങ്ങൾ അടിഞ്ഞുകൂടി പൊതു ഓവുചാലുകളും ജല നിർഗ്ഗമന മാർഗ്ഗങ്ങളും ഉപയോഗ ശൂന്യമാകുന്നതും, വെള്ളക്കെട്ടുണ്ടാകുന്നതും തടയൽ;

(10) ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി ഇക്കാര്യത്തിലുള്ള ജനകീയാവബോധം വർദ്ധിപ്പിക്കൽ;

(11) മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളിൽ നഗരസഭയുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കൽ;

(12) കോർപ്പറേഷന്റെ ശ്രമങ്ങൾക്ക് ജനകീയപ്രസ്ഥാനങ്ങളുടെയും , ഗവ ഇതര സ്ഥാപനങ്ങളുടെയും , സംഘടനകളുടെയും സഹകരണം ഉറപ്പാക്കൽ;

(13) കോർപ്പറേഷൻ കൗൺസിലർമാരുടെ നേതൃത്വത്തിൽ വാർഡ് തലത്തിൽ ഖരദ്രവ മാലിന്യസംസ്ക്കരണ പ്രവർത്തനം മെച്ചപ്പെടുത്തൽ;

(14) അയൽപ്പക്ക വേദികളുടെയും (റെസിഡൻസ് അസോസിയേഷനുകളുടേയും) പൗരസമിതികളുടേയും സന്നദ്ധ സംഘടനകളുടേയും സഹകരണം മാലിന്യപരിപാലന നിയമപാലനത്തിൽ ഉറപ്പുവരുത്തൽ;

(15) ഇക്കാര്യത്തിൽ നിർദ്ദേശിക്കപ്പെടുന്ന നിയമങ്ങളുടെ ലംഘനത്തിന് ഉചിതമായ ശിക്ഷ നിയമാനുസൃതമാക്കി നടപ്പാക്കൽ;

(16).പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും, ഇലട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണങ്ങളും അവയുടെ ഉപയോഗത്തിന്റെ അവസാനം ഉൽപ്പാദകർ, വിതരണക്കാർ, സംരംഭകർ, ബ്രാൻഡ് ഉടമകൾ, എന്നിവരുടെ സഹായത്തിൽ ശേഖരണ കേന്ദ്രങ്ങൾ ക്രമീകരിച്ചുകൊണ്ട് പ്രസ്തുത മാലിന്യങ്ങൾ ശാസ്ത്രീയ സംസ്ക്കരണത്തിനു വേണ്ടി ശേഖരിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തൽ;

(17) കെട്ടിട നിർമ്മാണം - പൊളിക്കൽ എന്നിവയുടെ ഭാഗമായി ഉണ്ടാവുന്ന മാലിന്യം കോർപ്പറേഷന്റെ അനുവാദത്തോടെ സംസ്ക്കരിക്കൽ;

(18) മാലിന്യങ്ങൾ അവ ഉത്ഭവിക്കുന്ന സ്ഥലത്ത് വെച്ച് ജൈവം, അജൈവം, അപകടകരം, എന്നിവയായി വേർതിരിച്ച് ശേഖരിക്കുന്നതിനും, സംഭരിക്കുന്നതിനും, സംസ്ക്കരിക്കുന്നതിനും പുനരുപയോഗത്തിനും ശാസ്ത്രീയമായ രീതികൾ ഉറപ്പുവരുത്തുക;

(19). ഹരിത പെരുമാറ്റചട്ടം പാലിക്കുക.

**3. പേരും നിലവിൽ വരുന്ന തീയതിയും.-**

എ) പ്ലാസ്റ്റിക് – ഖര-ദ്രവ -ഇ- മാലിന്യ പരിപാലന നിയമാവലി 2019;

ബി) ഈ നിയമാവലി വിഞ്ജാപനം ചെയ്യുന്ന ദിവസം മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

**4. വിജ്ഞാപനത്തിന്റെ പ്രയോഗപരിധി.-**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ മുഴുവൻ പൊതുസഥലങ്ങളും സ്വകാര്യ സ്വത്തവകാശം അംഗീകരിക്കപ്പെട്ടിട്ടുള്ള ഏതൊരു സ്വകാര്യ സ്ഥലവും മുഴുവൻ വാസസ്ഥലങ്ങളും വ്യാപാരവ്യവസായ കേന്ദ്രങ്ങളും ഇതരസ്ഥലങ്ങളും.

**5. നിർവ്വചനങ്ങൾ:-**

**സംക്ഷിപ്തങ്ങളും/വിശദീകരണങ്ങളും പ്രത്യേകമായി നിർവചിക്കാത്തിടത്തോളം**

(1) **കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ എന്നാൽ**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനും ആവശ്യമായ സാഹചര്യങ്ങളിൽ കോർപ്പറേഷൻ പ്രതിനിധികളും എന്നർത്ഥമാകുന്നു;

**(2) മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി എന്നാൽ**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയോ, ആവശ്യമായ സാഹചര്യങ്ങളിൽ കേരളാമുനിസിപ്പൽ ആക്ട് 50(2)വകുപ്പ് പ്രകാരം സെക്രട്ടറിയുടെ അധികാരങ്ങൾ നൽകി ചുമതലപ്പെടുത്തുന്ന കോർപ്പറേഷൻ ഉദ്യോഗസ്ഥനോ എന്നർത്ഥമാകുന്നു;

**(3) ഹെൽത്ത് ഓഫീസർ എന്നാൽ**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ ആരോഗ്യ വകുപ്പ് തലവൻ എന്നർത്ഥമാകുന്നു;

**(4) ക്ലീൻ സിറ്റി മാനേജർ എന്നാൽ**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ പൊതു ശുചീകരണ പ്രവർത്തനങ്ങളുടെ നിയന്ത്രണവും മേൽ നോട്ടവും വഹിക്കുന്ന അധികാരി എന്നർത്ഥമാകുന്നു;

**(5) ഹെൽത്ത് സുപ്പർവൈസർ എന്നാൽ**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ മുഴുവൻ ഹെൽത്ത് സർക്കിളിന്റെയും / സോണൽ ഓഫീസിന്റെയും പൊതു ശുചീകരണത്തിന്റെയും മറ്റ് ആരോഗ്യ പ്രവർത്തനങ്ങളുടെയും നേരിട്ട് മേൽനോട്ടം വഹിക്കുന്ന ആരോഗ്യ വിഭാഗം അധികാരി എന്നുമാകുന്നു;

**(6) ഹെൽത്ത് ഇൻസ്പെക്ടർ എന്നാൽ**

ഒന്നോ അതിലധികമോ, വാർഡുകൾ ഉൾക്കൊളളുന്ന ഹെൽത്ത് സർക്കിൾ/സോണൽ ഓഫീസിന്റെ ആരോഗ്യ വിഭാഗത്തിന്റെ തലവൻ എന്നർത്ഥമാകുന്നു;

**(7) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നാൽ**

ഒന്നോ അതിലധികമോ, വാർഡുകളുടെ സാനിറ്റേഷൻ മറ്റ് ആരോഗ്യ പ്രവർത്തനങ്ങളുടെ മുഖ്യമേൽനോട്ടക്കാരൻ എന്നർത്ഥമാകുന്നു;

**(8) ഏജൻസി/ഏജന്റ് എന്നാൽ**

പരസ്പരമുള്ള കരാറടിസ്ഥാനത്തിൽ കോർപ്പറേഷനുവേണ്ടി വ്യക്തികളോ, സ്ഥാപനങ്ങളോ, സംഘങ്ങളോ തെരുവുകൾ വൃത്തിയാക്കുക, ചവറുകൾ ശേഖരിക്കുക, സർവ്വീസ് ചാർജ്ജുപിരിക്കുക തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കുകയോ,പ്രവർത്തിക്കുകയോ ചെയ്യുന്നുവെങ്കിൽ അവയെ ഏജൻസി/ഏജന്റ് എന്നർത്ഥമാക്കുന്നു;

**(9) അപ്പീൽ കമ്മറ്റി**

ഈ നിയമാവലി നടത്തിപ്പുമായി ബന്ധപ്പെട്ട അപ്പീലുകൾ തീർപ്പാക്കാൻ നിയുക്തമായി, രൂപീകരിക്കപ്പെടുന്ന കമ്മറ്റി;

**(10) ജൈവവിഘടിത മാലിന്യങ്ങൾ എന്നാൽ**

സസ്യങ്ങളിൽ നിന്നും, മൃഗങ്ങളിൽ നിന്നും ജന്യമാകുന്ന മാലിന്യങ്ങൾ എന്നർത്ഥമാകുന്നതും. അടുക്കള മാലിന്യങ്ങൾ, ഭക്ഷണാവശിഷ്ടങ്ങൾ, തോട്ടങ്ങളിൽ നിന്നുള്ള ഇലകളുടെയും, പൂക്കളുടേയും, അവശിഷ്ടങ്ങൾ, മാർക്കറ്റിൽ നിന്നുള്ള പച്ചക്കറി, മൽസ്യം, മാംസം എന്നിവയുടെ അവശിഷ്ടങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നതുമാകുന്നു;

**(11) ആശുപത്രി മാലിന്യങ്ങൾ എന്നാൽ**

മനുഷ്യർക്കും മൃഗങ്ങൾക്കും ചികിൽസ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, പരിശോധന രോഗനിർണ്ണയം തുടങ്ങിയവ നടത്തുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങൾ അഥവാ അതുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനത്തിലോ ഉൽപ്പാദനത്തിലോ ജൈവപരമായ പരിശോധനയിലോ ഉൽഭവിക്കുന്ന മാലിന്യങ്ങൾ എന്നർത്ഥമാകുന്നു;

**(12) ബയോ മീഥെയ്നേഷൻ എന്നാൽ**

സൂക്ഷ്മാണുക്കളെ ഉപയോഗിച്ച് ജൈവപദാർത്ഥങ്ങൾ വിഘടിപ്പിച്ച് മീഥെയ്ൻ ഉൾപ്പെടെയുള്ള ജൈവവാതകങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പ്രക്രിയയെ ബയോമീഥെയ്നേഷൻ എന്നർത്ഥമാകുന്നു;

**(13) വലിയ അളവിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്നവർ (ബൾക്ക് ജനറേറ്റർ) എന്നാൽ**

കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളുടെ കൈവശത്തിലും, നിയന്ത്രണത്തിലും ഉള്ള കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ കമ്പനികൾ, സ്വകാര്യ കമ്പനികൾ, ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, സ്ക്കൂളുകൾ, കോളേജുകൾ, യൂണിവേഴ്സിറ്റികൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, ഹോട്ടലുകൾ, കല്യാണമണ്ഡപങ്ങൾ, ഹാളുകൾ, ഓഡിറ്റോറിയങ്ങൾ, മറ്റ് വാണിജ്യ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, അറവുശാലകൾ, ഷോപ്പിംഗ് മാളുകൾ, ഫ്ളാറ്റുകൾ, സിനിമാതിയേറ്ററുകൾ, ആരാധനാലയങ്ങൾ, സ്റ്റേഡിയങ്ങൾ തുടങ്ങി 2016 ലെ ഖരമാലിന്യ പരിപാലന ചട്ടം 3(8)പ്രകാരം നിർണ്ണയിക്കട്ടതായവ വലിയ അളവിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്നവർ (ബൾക്ക് ജനറേറ്റർ) ഗണത്തിൽപ്പെടുന്നു;

**(14) ശേഖരണം എന്നാൽ**

ഏതെങ്കിലും പ്രദേശത്തു നിന്നോ സ്ഥിരമായ ശേഖരണ കേന്ദ്രങ്ങളിൽ നിന്നോ നഗരമാലിന്യങ്ങൾ എടുക്കുകയും അവ നീക്കം ചെയ്യുകയും ചെയ്യുന്നതിനെ ശേഖരണം എന്നർത്ഥമാകുന്നു;

**(15) കെട്ടിട നിർമ്മാണ സാമഗ്രികളിൽ നിന്നുമുള്ള മാലിന്യം എന്നാൽ**

കെട്ടിട നിർമ്മാണം, അറ്റകുറ്റപണി, പൊളിക്കൽ എന്നിവയുടെ ഫലമായുണ്ടാകുന്ന അപകടകരമല്ലാത്ത മാലിന്യം എന്നർത്ഥമാകുന്നു;

**(16) സംഭരണികൾ എന്നാൽ**

നഗരമാലിന്യങ്ങൾ ശേഖരിക്കുവാൻ ഉപയോഗിക്കാവുന്ന ബക്കറ്റുകൾ, ബിന്നുകൾ കണ്ടെയിനറുകൾ തുടങ്ങിയ എല്ലാവിധ സംഭരണികളും എന്നർത്ഥമാകുന്നു;

**(17) അങ്കണം എന്നാൽ**

ഒരു പുരയിടത്തിനു മുൻവശത്തോ അതിനടുത്തോ നടപ്പാതയുടെ അരികിൽ വരെ നീളുന്ന സ്ഥലത്തിന് അങ്കണം എന്നർത്ഥമാകുന്നതും ഓവുചാലും, നടവഴിയും, അടക്കം ഈ അങ്കണത്തിൽ ഉൾപ്പെടുന്നതുമാകുന്നു;

**(18) പൗര ശുചിത്വ സംഘങ്ങൾ എന്നാൽ**

കോർപ്പറേഷന്റെ തീരുമാനപ്രകാരം നഗരമാലിന്യ പരിപാലന സംസ്ക്കരണ പ്രവർത്തനങ്ങളുടെ പ്രചാരണം, നടത്തിപ്പ്, നിരീക്ഷണം, റിപ്പോർട്ട് തയ്യാറാക്കൽ, ബോധവൽക്കരണം, പശ്ചാത്തല രൂപീകരണം, പരിശീലനം, തുടങ്ങിയവ നിർവ്വഹിക്കുന്നതിനായി , ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സന്നദ്ധ സാമൂഹിക പ്രവർത്തകരുടെ പിന്തുണയോടെ രൂപപ്പെടുത്തുന്ന പൗര ശുചിത്വ സംഘങ്ങൾ എന്നർത്ഥമാകുന്നു;

**(19) വാതിൽപുറ ശേഖരണം എന്നാൽ**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ നിർദ്ദേശിക്കപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും നഗരത്തിലെ ഖരമാലിന്യം സംഭരിക്കുന്ന രീതിയെന്നർത്ഥമാകുന്നതും ഇതിലേയ്ക്കായി തരം തിരിച്ച് സംഭരിച്ച് സൂക്ഷിച്ച് മാലിന്യം വണ്ടിയിലേയ്ക്ക് മാലിന്യ ഉൽപ്പാദകനോ/ശേഖരിക്കുന്ന വ്യക്തിയോ തന്നെകൊണ്ടുവന്ന് നിക്ഷേപിക്കേണ്ടതുമാകുന്നു;

**(20)വീടുകളിലെ അപകടകരമായ മാലിന്യം (ഡൊമസ്റ്റിക് ഹസാർഡ്സ് ) എന്നാൽ**

2016ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം 3(17) പ്രകാരം നിർവചിക്കപ്പെട്ടിട്ടുള്ള ഉപയോഗശൂന്യമായതും, ഉപേക്ഷിക്കപ്പെടുന്നതുമായ പെയിന്റ് പാത്രങ്ങൾ, കീടനാശിനി, കീടനാശിനിയുടെ പാത്രങ്ങൾ, രാസപദാർത്ഥങ്ങൾ കാലാവധി കഴിഞ്ഞ മരുന്നുകൾ, ഉപയോഗിച്ച സിറിഞ്ചുകൾ, സി എഫ് എൽ ബൽബുകൾ , ട്യൂബ് ലൈറ്റുകൾ, തുടങ്ങിയവയാകുന്നു ;

**(21) വരണ്ട മാലിന്യം (DRY WASTE) എന്നാൽ**

2016 ലെ ഖരമാലിന്യ പരിപാലന ചട്ടം 3(19) പ്രകാരം നിർവചിക്കപ്പെട്ട എല്ലാ മാലിന്യങ്ങളും വരണ്ടമാലിന്യം ആയി കണക്കാക്കപ്പെടുന്നു;

**(22)അജൈവമാലിന്യ തരംതിരിവ് കേന്ദ്രം (ഡ്രൈവേസ്റ്റ് തരംതിരിവ് കേന്ദ്രം) എന്നാൽ**

അജൈവമാലിന്യം (ഡ്രൈവേസ്റ്റ്) സ്വീകരിക്കുന്നതിനും, തരംതിരിക്കുന്നതിനും വേണ്ടി നഗരസഭയുടേയോ, ഗവൺമെന്റിന്റേയോ ഭൂമിയിലോ പൊതുസ്ഥലത്തോ സ്ഥാപിച്ചിട്ടുള്ള ഷെഡുകൾ, മൂടിയുള്ള കണ്ടയിനറുകൾ/അതിനായി നിയുക്തമാക്കിയിട്ടുള്ള സ്ഥലങ്ങൾ എന്നർത്ഥമാകുന്നു;

**(23) ഇ -മാലിന്യങ്ങൾ എന്നാൽ**

2016 ലെ ഇ മാലിന്യ പരിപാലന ചട്ടങ്ങളിലെ 3(ആർ) പ്രകാരം നിർവചിക്കപ്പെട്ട ഇലക്ട്രിക് - ഇലക്ട്രോണിക്സ് മാലിന്യങ്ങൾ എന്നർത്ഥമാകുന്നു.

**(24) കൈമാറ്റം എന്നാൽ**

ഏതെങ്കിലും തരം മാലിന്യം നഗരസഭ നഗരസഭയുടെതന്നെ തൊഴിലാളിയ്ക്കോ, അതിനായി നിയമിച്ചിട്ടുള്ളതും അധികാരപ്പെടുത്തിയിട്ടുള്ളതും ലൈസൻസ് നൽകിയിട്ടുള്ളതുമായ വ്യക്തികൾക്കോ, ഏജൻസിക്കോ കൈമാറുന്നതിനേയും അതിനുവേണ്ടി നിയുക്തമാക്കിയിട്ടുള്ള നഗരസഭയുടേയോ, വ്യക്തികളുടേയോ ഏജൻസികളുടേയോ വാഹനങ്ങളിൽ നിക്ഷേപിയ്ക്കുന്നതിനേയും കൈമാറ്റം എന്നർത്ഥമാകുന്നു;

**(25) ഹരിത കർമ്മസേന**

നഗരമാലിന്യ പരിപാലനാർത്ഥം കോർപ്പറേഷൻ നിയോഗിക്കുന്ന അംഗീകൃത സന്നദ്ധ ശുചീകരണ പ്രവർത്തകർ അഥവാ ഇതിലേക്കായി നിയോഗിക്കപ്പെട്ട ശുചീകരണ പ്രവർത്തകർ എന്നർത്ഥമാകുന്നു;

**(26) അപകടകരമായ മാലിന്യം എന്നാൽ**

തീ പിടിയ്ക്കുന്നതും പ്രതികരണശേഷിയുള്ളതും രാസപ്രവർത്തനം നടന്നേയ്ക്കാവുന്നതും ചില സാഹചര്യങ്ങളിൽ പൊട്ടിത്തെറിക്കാവുന്നതും, ഭൂമിയിലെ ജൈവഘടനക്ക് അപകടം വരുത്തുന്നതുമായ മാലിന്യവും ആശുപത്രി മാലിന്യവും ഉൾപ്പെടുന്നതാകുന്നു;

**(27) ഉദ്യാനപരിപാലനത്തിൽ നിന്നുമുണ്ടാകുന്ന മാലിന്യം എന്നാൽ**

പൂന്തോട്ടത്തിൽ നിന്നും അധികമായുണ്ടാകുന്ന മാലിന്യങ്ങളെന്നർത്ഥമാകുന്നതും വെട്ടിമാറ്റപ്പെട്ട പുല്ലും, കൊഴിഞ്ഞ ഇല കളും, മരത്തൊലിയും,വലിയ ശിഖരങ്ങളും, ചില്ലകളും തടി കഷ്ണങ്ങളും ഉൾപ്പെടുന്നതുമാകുന്നു;

**(28) അനൗപചാരിക മാലിന്യ ശേഖരിക്കുന്നവർ എന്നാൽ**

2016 ലെ ഖരമാലിന്യ പരിപാലന ചട്ടം 3(28) പ്രകാരം നിർവചിക്കപ്പെട്ട മാലിന്യ ശേഖരണ ജോലിയിൽ ഏർപ്പെട്ട വ്യക്തികൾ എന്നർത്ഥമാകുന്നു;

**(29) ലാൻഡ്ഫിൽ എന്നാൽ**

ഖരമാലിന്യങ്ങളുടെ വിഘടന പ്രക്രിയക്കുശേഷ മുണ്ടാവുന്ന അവശിഷ്ട ഭാഗങ്ങൾ നിക്ഷേപിക്കുന്നതിനുവേണ്ടിയുള്ള നിർമ്മാർജ്ജന സ്ഥാനം ലാൻഡ്ഫിൽ എന്നർത്ഥമാകുന്നതും പരിസ്ഥിതി മലിനീകരണം ഉണ്ടാക്കാത്തവിധം ആവശ്യമായ സുരക്ഷാ നടപടികൾ ഇവിടെ ക്രമപ്പെടുത്തിയിട്ടുണ്ടാവേണ്ടതും ഇവിടെ നിക്ഷേപിക്കുന്ന വസ്തുക്കൾ ഭൂഗർഭജലം, ഭൗമോപരിതലത്തിലുള്ള ജലം, വായു തുടങ്ങിയവ മലിനപ്പെടാതെയും തീപിടിയ്ക്കാനിടയില്ലാത്തതും പൊടി, വെള്ളക്കെട്ട്, ദുർഗന്ധം, മണ്ണൊലിപ്പ്, പക്ഷിമൃഗാദികളുടെ ശല്യം ഇവ ഉണ്ടാകാത്തതും, ഗ്രീൻഹൗസ് വാതകങ്ങൾ പുറപ്പെടുവിക്കാത്തതുമായിരിക്കേണ്ടതുമാകുന്നു;

**(30) അലക്ഷ്യ വസ്തുക്കൾ (ലിറ്റർ) എന്നാൽ**

ഗാർഹീകമോ വാണിജ്യപരമോ ആയ ഖര-ദ്രവ-ഇ-മാലിന്യങ്ങൾ ഒരു പൊതുസ്ഥലത്ത് നിക്ഷേപിക്കപ്പെട്ട് അതിന്റെ ആകൃതിയോ, വലിപ്പമോ, സ്വഭാവമോ, അളവോ മൂലം എന്തെങ്കിലും ശല്യമുണ്ടാവുകയും ആ സ്ഥലത്തെ ശരിയായ രീതിയിൽ ഉപയോഗിക്കാൻ പറ്റാതെ വരുകയും ചെയ്യുന്നുവെങ്കിൽ അവ അലക്ഷ്യ വസ്തുക്കൾ എന്നർത്ഥമാകുന്നു;

**(31) അലക്ഷ്യമായ മാലിന്യനിക്ഷേപം (ലിറ്ററിംഗ്) എന്നാൽ**

ലിറ്ററുകൾ (അലക്ഷ്യവസ്തുക്കൾ) പൊതുസ്ഥലത്തേയ്ക്ക് എത്തിപ്പെടുന്ന വിധത്തിൽ സാവധാനത്തിലോ, ശക്തിയിലോ, ഒഴുകിയോ, പറന്നോ, താഴേയ്ക്കുവീണോ അതിനായി അനുവദിക്കുകയോ, കാരണമാവുകയോ, സംഭവിപ്പിക്കുകയോ ചെയ്യുന്നതിനെ അലക്ഷ്യമായ മാലിന്യ നിക്ഷേപം എന്നർത്ഥമാകുന്നു;

**(32) പ്രാദേശിക മാലിന്യശേഖരണകേന്ദ്രം എന്നാൽ**

ഒന്നോ അതിലധികമോ സ്ഥലങ്ങളിലെ കെട്ടിട ഉടമസ്ഥരോ കൈകാര്യക്കാരോ തരംതിരിച്ച് മാലിന്യം ശേഖരിക്കുന്നതിനുവേണ്ടി അവരുടെ സ്വകാര്യസ്ഥലത്തോ ഏതെങ്കിലും പൊതുസ്ഥലത്തോ തയ്യാറാക്കിയിട്ടുള്ളതും നിലനിർത്തി പോരുന്നതുമായ മാലിന്യ ശേഖരണകേന്ദ്രം എന്നർത്ഥമാകുന്നു

**(33) വളം നിർമ്മാണം എന്നാൽ**

സൂക്ഷ്മാണുക്കളെ പ്രയോജനപ്പെടുത്തി വിഘടിപ്പിച്ച് ജൈവമാലിന്യം വളമാക്കിമാറ്റുന്ന പ്രക്രിയ, എന്നർത്ഥമാകുന്നതും മണ്ണിരകളെയും മറ്റു സൂക്ഷ്മ ജീവീകളെയും ഉപയോഗിച്ച് നിർമ്മിക്കുന്ന കംമ്പോസ്റ്റുകളും ഇതിലുൾപ്പെടുന്നതുമാകുന്നു;

**(34) നഗരമാലിന്യം എന്നാൽ**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ പരിധിയിൽ ഉൽഭവിച്ചിട്ടുള്ള അപകടകരമായ ആശുപത്രി മാലിന്യങ്ങൾ ഒഴിച്ച് ഗാർഹികമോ വാണിജ്യപരമോ ആയ ഖര, അർദ്ധഖര, ദ്രവ, അവസ്ഥയിലുള്ള എല്ലാ മാലിന്യങ്ങളും ട്രീറ്റുചെയ്യപ്പെട്ട ആശുപത്രി മാലിന്യങ്ങളും എന്നർത്ഥമാകുന്നു;

**(35) ഇടുങ്ങിയ ഓവുചാലുകൾ എന്നാൽ**

കുളിമുറികളിൽ നിന്നും, ഓവുചാലുകളിൽ നിന്നും, മാലിന്യനിർമ്മാർജ്ജനം സുഗമമാക്കുന്നതിനുവേണ്ടി പണിതിട്ടുള്ള കൈവഴി അഥവാ മറ്റ് മാലിന്യങ്ങൾ നീക്കം ചെയ്യുമ്പോഴോ, വൃത്തിയാക്കുമ്പോഴോ വേണ്ടി വരുന്ന ഇടുങ്ങിയ ചാല് എന്നർത്ഥമാകുന്നു;

**(36) പുതിയ നിർമ്മാണങ്ങൾ എന്നാൽ**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ പണിയുന്ന എല്ലാ കെട്ടിടങ്ങളോടും അനുബന്ധിച്ച് ഖരദ്രവമാലിന്യ നിർമ്മാർജ്ജന യൂണിറ്റ് നിർബന്ധമാണ്. ഇതിനായുള്ള വിജ്ഞാപന തീയതിക്കുശേഷമുള്ള എല്ലാ നിർമ്മാണങ്ങളും പുതിയ നിർമ്മാണങ്ങൾ എന്നനിർവചനത്തിലുൾപ്പെടുന്നു;

**(37) അയൽപക്കം എന്നാൽ**

ഒരു പ്രദേശത്ത് നിവസിക്കുന്നവരുടേയോ, ആ പ്രദേശത്തിന്റേ പ്രത്യേകതകൾ കണക്കിലെടുത്ത് വളരെ വ്യക്തമായി നിർവ്വചിച്ചിട്ടുള്ള ഒരു സ്ഥലം എന്നർത്ഥമാകുന്നു;

**(38) കൈകാര്യക്കാരൻ/കൈകാര്യക്കാർ എന്നാൽ**

ഒരു വ്യക്തി ഭൂമിയോ, കെട്ടിടമോ അല്ലെങ്കിൽ അതിന്റെ ഒരു ഭാഗമോ ഏതെങ്കിലും ഒരാവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നുവെങ്കിൽ, അഥവാ പരിപാലനം ചെയ്യുന്നുവെങ്കിൽ ആ വ്യക്തിയെ കൈകാര്യക്കാരൻ എന്നും അങ്ങനെയുള്ള വ്യക്തികളെ കൈകാര്യക്കാർ എന്നും അർഥമാകുന്നു;

**(39) ഉടമസ്ഥൻ എന്നാൽ**

ഒരു കെട്ടിടത്തിന്റെയോ ഭൂമിയുടേയോ അഥവാ അതിന്റെ ഭാഗങ്ങളുടേയോ ഉടമസ്ഥാവകാശം അനുഭവിക്കുന്ന വ്യക്തി എന്നർത്ഥമാകുന്നു;

**(40) വ്യക്തി എന്നാൽ**

വ്യക്തിയോ, വ്യക്തികളോ, കടയോ, സ്ഥാപനമോ, കമ്പനികളോ,സംഘടകളോ സംയുക്തമായിട്ടോ അല്ലെങ്കിൽ അവയുടെ പ്രതിനിധികളോ എന്നർത്ഥമാകുന്നു;

**(41) പ്ലാസ്റ്റിക് മാലിന്യം എന്നാൽ**

2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടം 3 ക്യൂ നിർവ്വചന പ്രകാരമുള്ള മാലിന്യം എന്നർത്ഥമാകുന്നു;

**(42) പ്രക്രിയ എന്നാൽ**

ഖരമാലിന്യം വീണ്ടും ഉപയോഗിക്കാവുന്ന വിധത്തിൽ പുനഃചംക്രമണത്തിലൂടെ പരുവപ്പെടുത്തുകയോ, നികത്തലിനുപയുക്തമായ രീതിയിൽ മാറ്റിയെടുക്കുകയോ ചെയ്യുന്ന ശാസ്ത്രീയമായ രീതി എന്നർത്ഥമാകുന്നു;

**(43) പൊതുസ്ഥലം എന്നാൽ**

പൊതുജനങ്ങൾക്ക് നടക്കുന്നതിന് അവകാശമുള്ള വഴികളും,. അവർക്ക് പ്രവേശനം അനുവദിയ്ക്കപ്പെട്ട സ്ഥലങ്ങളും, പുറംപോക്ക് ഭൂമിയും എന്നർത്ഥമാകുന്നു;

**(44) പുനഃചംക്രമണം (റീ-സൈക്കളിംഗ്) എന്നാൽ**

വേർതിരിച്ചെടുത്ത് ജൈവ വിഘടിതമല്ലാത്ത ഖരമാലിന്യം പുതിയ ഉൽപ്പന്നങ്ങൾക്കുവേണ്ടിയുള്ള അസംസ്കൃത വസ്തുക്കളായി രൂപപ്പെടുത്തിയെടുക്കുന്ന പ്രക്രിയ എന്നർത്ഥമാകുന്നു. ഈ ഉൽപ്പന്നങ്ങൾക്ക് യഥാർത്ഥ ഉൽപ്പന്നങ്ങളുമായി സാമ്യമുണ്ടാവുകയോ, ഉണ്ടാവാതിരിക്കുകയോ ആവാം;

**(45) നീക്കംചെയ്യൽ നിരക്ക് എന്നാൽ**

മാലിന്യ ഉല്പ്പാദക കേന്ദ്രങ്ങളിൽ നിന്നും സമയാസമയങ്ങളിൽ നഗരമാലിന്യം ശേഖരിച്ച്കൊണ്ടുപോയി നിർമ്മാർജ്ജനം ചെയ്യുന്നതിന് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ അംഗീകരിച്ച് ഈടാക്കുന്ന നിരക്ക് എന്നർത്ഥമാകുന്നതും മാലിന്യ നീക്കത്തിന് വേണ്ടി വ്യാപാരകേന്ദ്രങ്ങൾക്കും വീടുകൾക്കും ചുമത്താവുന്ന നിരക്കുകളും ഉൾപ്പെടുന്നതുമാകുന്നു;

**(46) അയൽപക്കവേദി എന്നാൽ**

കോർപ്പറേഷൻ പരിധിയിൽ, സ്ഥിരമായോ, താൽക്കാലികമായോ താമസിക്കുന്നവരുടെ കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട അയൽപ്പക്ക കൂട്ടായ്മകൾ എന്നർത്ഥമാകുന്നു;

**(47) ജഡാവസ്ഥയിലുള്ള ഖരമാലിന്യം എന്നാൽ**

സാനിട്ടറി മണ്ണുനിറയ്ക്കലിന് ഉപയോഗിക്കാവുന്ന ഏതുതരം ഖരമാലിന്യവും ഈ വിഭാഗത്തിൽപ്പെടുന്നു. ഭൗതീക രാസ ജൈവപ്രവർത്തനത്തിനുശേഷം അവശേഷിക്കുന്ന ചെറിയ ഭാഗങ്ങൾ ഇതിൽ ഉൾപ്പെടുന്നു;

**(48) വേർതിരിക്കൽ എന്നാൽ**

നഗരമാലിന്യം ജൈവവിഘടിത മാലിന്യങ്ങൾ, അജൈവമാലിന്യങ്ങൾ, ആശുപത്രിമാലിന്യങ്ങൾ, അപകടകരമാലിന്യങ്ങൾ, നിർമ്മാണാവശിഷ്ടങ്ങൾ, ഇ മാലിന്യങ്ങൾ, ജഡാവസ്ഥയിലുള്ള മാലിന്യങ്ങൾ എന്നിങ്ങനെ വ്യക്തമായ വിഭാഗങ്ങളായി വേർതിരിയ്ക്കുക എന്നർത്ഥമാകുന്നു;

**(49) ചേരികൾ ദത്തെടുക്കൽ പദ്ധതി എന്നാൽ**

ചേരികൾക്ക് പൂർണ്ണ ശുചിത്വം നേടിക്കൊടുക്കുന്നതിനുവേണ്ടി സാമൂഹ്യസംഘടനകളിലൂടെയോ അല്ലാതെയോ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതി എന്നർത്ഥമാകുന്നു;

**(50) സംഭരണം എന്നാൽ**

അധികമായി ദുർഗന്ധം വമിക്കാതെ, തെരുവുമൃഗങ്ങളിൽ നിന്നും, പക്ഷികളിൽ നിന്നും അകറ്റി, അലക്ഷ്യമായ നിക്ഷേപങ്ങൾ തടഞ്ഞ് നഗരമാലിന്യം താല്ക്കാലികമായി ശേഖരിക്കുന്നതിനെ സംഭരണം എന്നുപറയുന്നു;

**(51) തെരുവ് കച്ചവടക്കാരൻ എന്നാൽ**

തെരുവ്, നടപ്പാത, ഊടുവഴി, ഇടവഴി, റോഡരിക്, പൊതു സ്ഥലം തുടങ്ങിയ സ്ഥലങ്ങളിൽ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിക്കാവുന്ന രീതിയിൽ /ചലിക്കുന്ന രീതിയിൽ പ്രത്യേക ഘടനയോടു കൂടി നിർമ്മിച്ച ഉരുളുന്ന ചക്രങ്ങളോടുകൂടിയ വണ്ടിയിലോ, താൽക്കാലിക സംവിധാനം വഴി ഒറ്റ സ്ഥലത്ത് സ്ഥിരമായോ, അല്ലാതെയോ, ഉപഭോഗവസ്തുക്കൾ, ചരക്കുകൾ, ഭക്ഷണ സാധനങ്ങൾ എന്നിവ പൊതു ജനങ്ങൾക്ക് വിൽപ്പന നടത്തുന്നവ്യക്തി എന്നാകുന്നു. ആയതിൽ നടന്ന് വിൽപ്പന നടത്തുന്ന വ്യക്തി, വഴി വാണിഭക്കാരൻ തുടങ്ങിയ സമാന രീതിയിൽ വ്യാപാരം നടത്തുന്നവരും, കച്ചവടക്കാരും ഉൾപ്പെടുന്നു;

**(52) ഉൽഭവസ്ഥാനം എന്നാൽ**

മാലിന്യ ഉറവിടമോ, മാലിന്യം സംഭരണത്തിന്/വേർതിരിച്ച് സൂക്ഷിക്കുന്നതിനുവേണ്ടി ഉടമസ്ഥരോ, കൈവശാവകാശക്കാരോ ഉപയോഗിക്കുന്ന സ്വകാര്യ/പൊതുസ്ഥലം എന്നർത്ഥമാകുന്നു;

**(53) ചുറ്റുപാടുകൾ എന്നാൽ**

ഗാർഹിക, വ്യവസായിക, വ്യാപാര, വാണിജ്യ, സേവന, സർക്കാർ, പൊതുജന, സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ, കെട്ടിടങ്ങളിലെ മുറികൾ, വീടുകൾ, എടുപ്പുകൾ, ഷെഡ്ഡുകൾ, കുടിലുകൾ, ഇഷ്ടികയോ, തടിയോ, ചെളിയോ തുടങ്ങിയ വസ്തുക്കൾ കൊണ്ടുണ്ടാക്കിയ മറ്റ് ശാലകൾ, ഓഫീസുകൾ നിൽക്കുന്ന സ്ഥലം (അടച്ചതായാലും, തുറന്നതായാലും) മുകളിലോട്ടു പണിതതോ, അല്ലാത്തതോ ആയാലും ചുറ്റുപാടുകൾ എന്നർത്ഥമാകുന്നതും കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി, വണ്ടികൾ പാർക്ക് ചെയ്യുന്നതിനോ, തെരുവുകച്ചവടത്തിനോ, വസ്തുക്കൾ

സംഭരിക്കുന്നതിനോ, പൊതുവായതോ, സ്വകാര്യമായതോ ആയ മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് അനുവദിക്കുന്ന ഏതൊരു റോഡുകളും ഇതിൽപ്പെടുന്നതുമാകുന്നു;

**(54) സ്ഥിരാവസ്ഥയിലുള്ള ജൈവവിഘടിത മാലിന്യം എന്നാൽ**

ജൈവമാലിന്യങ്ങളുടെ വിഘടനത്തിനുശേഷം അവശേഷിക്കുന്നതും പുനരുപയോഗത്തിന് സാദ്ധ്യമായതും എന്നർത്ഥമാകുന്നു;

**(55) സാങ്കേതിക ഉപദേശക സമിതി (ടെക്നിക്കൽ അഡ്വൈവസറി കമ്മറ്റി)**

നഗരമാലിന്യ സംസ്ക്കരണ നിർമ്മാർഞ്ജന പ്രക്രിയയുടെ അവലോകനം- പരിഷ്ക്കരണം- വിപുലീകരണം എന്നിവയിൽ വിദഗ്ധ ഉപദേശം ലഭ്യമാക്കാൻ ശേഷിയുള്ളതും, ബന്ധപ്പെട്ട രംഗങ്ങളിലെ വിദഗ്ധർ അടങ്ങുന്നതുമായ സമിതി;

**(56) ഗതാഗതം എന്നാൽ**

നഗരമാലിന്യം ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകുന്നതിനെ ഗതാഗതം എന്നർത്ഥമാകുന്നു;

**(57) വാർഡ് എന്നാൽ**

ഭരണപരമായ സൗകര്യത്തിനുവേണ്ടി വിഭജിച്ചിട്ടുള്ള കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ പരിധിയിലുള്ള ഇലക്ട്രൽ വാർഡ് എന്നർത്ഥമാകുന്നു;

**(58) വാർഡ് ആരോഗ്യ ശുചിത്വ കമ്മറ്റി എന്നാൽ**

ഒരു വാർഡിലെ ശുചിത്വം സ്ഥിരമായി പരിശോധിക്കുകയും റിപ്പോർട്ടുകൾ നൽകുകയും ശുചീകരണസംഘത്തിന്റെ ഭാഗമാക്കുകയും അവർക്ക് വേണ്ട നിർദ്ദേശ ങ്ങൾ നൽകുകയും മാലിന്യം കുറയ്ക്കുന്നതിനും അവ പുനചംക്രമണം വഴി വീണ്ടും ഉപയോഗിക്കുന്നതിനുമുള്ള നേതൃത്വം ഏറ്റെടുക്കുന്നതിനുമായി വാർഡ് കൗൺസി ലറുടെ നേതൃത്വത്തിൽ സാമൂഹിക സംഘടനകളുടേയും, കുടുംബശ്രീ, റെസിഡൻസ് അസോസിയേഷൻ, എൻ.എച്ച്.എം. വിവിധ മേഖലകളിൽ സാങ്കേതിക വൈദഗ്ദ്ധ്യം നേടിയവർ എന്നിവർ ഉൾപ്പെട്ട വാർഡ് ആരോഗ്യ ശുചിത്വ കമ്മറ്റി എന്നർത്ഥമാകുന്നു;

**(59) ഉറവിടങ്ങളിൽ നിന്നുമുള്ള മാലിന്യശേഖരണം എന്നാൽ**

ഒരു പുരയിടത്തിൽ നിന്നോ കെട്ടിട സമുച്ചയങ്ങളുടെ പൊതുവായ സ്ഥലത്തുനിന്നോ വ്യാപാരസ്ഥാപനങ്ങളിൽ നിന്നോ, ഉൽഭവിക്കുന്ന സ്ഥലങ്ങളിൽ നിന്നോ, കോർപ്പറേഷനോ, കോർപ്പറേഷൻ നേരിട്ടു ചുമതലപ്പെടുത്തിയവരോ ആയവർ നേരിട്ടുമാലിന്യം ശേഖരിക്കുന്നത് എന്നർത്ഥമാകുന്നതും ഇതിനെ വീടുകൾ തോറുമുള്ള ശേഖരണം അല്ലെങ്കിൽ വാതിൽപ്പുറശേഖരണം എന്നർത്ഥമാകുന്നു;

**(60) മാലിന്യ നിർമ്മാർജ്ജന ഫണ്ട്**

നഗരമാലിന്യ സംസ്ക്കരണം നിർമ്മാർഞ്ജ്ജനം, നിർവഹണം എന്നിവ മുൻനിർത്തി കേന്ദ്ര സംസ്ഥാന തദ്ദേശഭരണ സർക്കാറുകൾ നൽകുന്ന , തനത് വിഹിതമോ, സംഭാവനകളോ പിഴ - ആവർത്തിത പിഴ എന്നിവയോ റവന്യൂ റിക്കവറി -പ്രോസിക്യൂഷൻ തുടങ്ങിയവയിലൂടെ വസൂലാക്കുന്ന പിഴയോ, ഫീസോ, വിഭവമോ, ധനകാര്യ -വായ്പ സ്ഥാപനങ്ങൾ വഴിയുള്ള വിഭവമോ ഉൾപ്പെടെ 1994 ലെ കേരള മുൻസിപാലിറ്റി ആക്ട് 334 സി വകുപ്പ് പ്രകാരമുള്ള നിധി എന്നർത്ഥമാകുന്നു;

**(61) മാലിന്യ മുക്ത പ്രദേശം എന്നാൽ**

ഉയർന്ന നിലവാരത്തിലുള്ള ശുചിത്വം എല്ലായ്പ്പോഴും ഉണ്ടായിരിക്കുന്നതിനും, പൊതുജനങ്ങൾക്ക് യാതൊരുവിധ ശല്യവും ഉണ്ടാകാതിരിക്കുന്നതിനും, മാലിന്യാവശിഷ്ടങ്ങൾ ഒട്ടും തന്നെ ഇല്ലാതിരിക്കുന്നതിനും കൗൺസിലിനുവേണ്ടി സെക്രട്ടറി വ്യക്തമായി നിർദ്ദേശിച്ചിട്ടുള്ള റോഡുകളോ, പൊതുവഴിയോ, വഴികളോ ഏതെങ്കിലും പൊതുസ്ഥലമോ, കെട്ടിടങ്ങളോ, ഇവ മൂന്നും ഉൾപ്പെട്ടിട്ടുള്ള മേഖലയോ ഹെറിട്ടേജ് സോൺ, ടൂറിസം കേന്ദ്രങ്ങൾ എന്നിവയോ മാലിന്യമുക്ത പ്രദേശം എന്നർത്ഥമാകുന്നു;

**(62) മാലിന്യ ഉൽപ്പാദകർ എന്നാൽ**

ഏതെങ്കിലും ഒരു താമസ സ്ഥലത്ത് നിന്നോ വാണിജ്യ/ ഷോപ്പിംഗ് മാളുകൾ അല്ലാതെ ഉപയോഗിക്കുന്ന സ്ഥലത്ത് നിന്നോ, കെട്ടിട സമുച്ചയത്തിൽ നിന്നോ, ഇൻഡ്യൻ റെയിൽവെ, സൈനിക മേഖല എന്നിവ ഉൾപ്പെടെ മാലിന്യം ഉണ്ടാക്കുന്ന വ്യക്തിയോ , വ്യക്തികളോ, സ്ഥാപനങ്ങളോ എന്നാകുന്നു. തെരുവ് കച്ചവടക്കാരും, നൂറോ അതിലധികമോ ആളുകൾ പങ്കെടുക്കുന്ന ഏത് ചടങ്ങുകളും, അവ ഏത് പേരിലറിയപ്പെട്ടാലും പ്രസ്തുത ചടങ്ങുകളുടെ നടത്തിപ്പുകാരും മാലിന്യ ഉൽപ്പാദക വിഭാഗത്തിൽ പെടുന്നതാണ്;

**(63) മാലിന്യം ശേഖരിക്കുന്നവർ (വെയ്സ്റ്റ് പിക്കേർസ്) എന്നാൽ**

2016 ലെ ഖരമാലിന്യ പരിപാലന ചട്ടം 3(28) പ്രകാരം നിർണ്ണയിക്കപ്പെട്ട പുനചംക്രമണത്തിനായുള്ള മാലിന്യ ശേഖരണ ജോലിയിൽ ഏർപ്പെട്ട വ്യക്തികൾ എന്നർത്ഥമാകുന്നു;

## 6. നിരോധനങ്ങൾ:-

1. 2016ലെ പ്ലാസ്ററിക്ക് മാലിന്യ പരിപാലന ചട്ടം 3(സി) പ്രകാരം നിർവിചക്കപ്പെട്ടിട്ടുളള എല്ലാതരം പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചിരിക്കുന്നു;
2. വ്യാപാര കച്ചവടസ്ഥാപങ്ങൾ പൊതുജനങ്ങൾക്ക് കാണത്തക്കരീതിയിൽ പ്രാദേശികഭാഷ, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപഭോക്താക്കൾക്ക് നൽകുന്നതല്ലെന്നുളള ബോർഡ് എഴുതി പ്രദർശിപ്പിക്കേണ്ടതാണ്;
3. പുനർ ചക്രമണം വഴി നിർമ്മിച്ച ക്യാരി ബാഗുകളിലും, കണ്ടെയിനറുകൾ, പാത്രങ്ങൾ എന്നീവയിലും ഭക്ഷ്യാവശ്യത്തിന് തയ്യാറാക്കി വെച്ച ഭക്ഷണസാധനങ്ങൾ സൂക്ഷിക്കുകയോ, പാക്ക് ചെയ്യുകയോ, വിതരണം ചെയ്യുകയോ, പാടുളളതല്ല;
4. പൊതുതെരുവിലോ - പൊതുസ്ഥലങ്ങളിലോ , സ്വകാര്യ സ്ഥലങ്ങളിലോ വെച്ച് യാതൊരാളും മാലിന്യങ്ങൾ കത്തിക്കാൻ പാടില്ലാത്തതാകുന്നു;
5. പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉൾപ്പെടെയുളള പ്ലാസ്റ്റിക് മാലിന്യങ്ങൾ, അപകടകരമായ വാതകം വമിക്കുന്ന മാലിന്യങ്ങൾ എന്നിവ കോർപ്പറേഷൻ പരിധിയിൽ വെച്ച് കത്തിക്കാൻ പാടില്ലാത്തതാകുന്നു;
6. നിരോധിച്ച പ്ലാസ്റ്റിക് ക്യാരിബാഗുകൾ, തെർമോകോൾ പ്ലെയിറ്റുകൾ, തെർമോകോൾ കപ്പുകൾ, അലങ്കാരത്തിന് ഉപയോഗിക്കുന്ന തെർമോകോൾ / പ്ലാസ്റ്റിക് വസ്തുക്കൾ, പ്ലാസ്റ്റിക് കപ്പുകൾ, സ്ട്രോകൾ, പ്ലെയ്റ്റുകൾ പ്ലാസ്റ്റിക് ആവരണം ചെയ്ത പേപ്പർ പ്ലേറ്റുകൾ, പ്ലാസ്റ്റിക് ഉപയോഗിച്ച് ആവരണം ചെയ്ത പേപ്പർ ഇലകൾ, പേപ്പർ കപ്പുകൾ സാക്ഷെകൾ, പ്ലാസ്റ്റിക് ടെംബ്ളർ, പ്ലാസ്റ്റിക് ആവരണം ചെയത ക്യാരി ബാഗുകൾ, ഫ്ളക്സ് ബോർഡുകൾ, ബാനറുകൾ, ഫ്ളക്സ് കൊണ്ട് നിർമ്മിച്ച മറ്റ് ഉൽപ്പന്നങ്ങൾ , തീൻ മേശകളിൽ വിരിക്കുന്ന പ്ലാസ്റ്റിക് ആവരണം ചെയ്ത പേപ്പറുകൾ, എന്നിവയുടെ ഉപയോഗം നിരോധിച്ചിരിക്കുന്നു. എന്നാൽ പെറ്റ് ബോട്ടിൽ, പാൽ പാക്കറ്റുകൾ, ബോട്ടിൽസ് , 50 മൈക്രോണിൽ കൂടതലുളള പ്ലാസ്റ്റിക് പാക്കിംഗ് സാധനങ്ങൾ എന്നിവ നിരോധനത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു;
7. മാലിന്യം ഉൽപ്പാദകർ അവിടങ്ങളിൽ ഉൽഭവിക്കുന്ന മാലിന്യങ്ങൾ ജൈവം, അജൈവം, അപകടകരം എന്നീ ഇനങ്ങളായി വേർതിരിച്ച് യഥാക്രമം ജൈവ മാലിന്യങ്ങൾ പച്ച നിറത്തിലുളള കണ്ടെയിനറുകളിലും, പ്ലാസ്റ്റിക് പേക്കിംഗ് സാധനങ്ങൾ തുടങ്ങിയവ ഇളം നീല നിറത്തിലുളള സംഭരണികളിലും , പ്ലാസ്റ്റിക് ബോട്ടിലുകൾ തുടങ്ങിയവ കടും നീല കണ്ടെയിനറുകളിലും , പേപ്പർ തുടങ്ങിയവ വെളള നിറത്തിലുളള കണ്ടെയിനറുകളിലും , ലോഹങ്ങൾ ചാരനിറത്തിലുളള

കണ്ടെയിനറുകളിലും കുപ്പികൾ, കുപ്പിച്ചില്ലുകൾ,ഗ്ലാസുകൾ, തുടങ്ങിയവ മഞ്ഞനിറത്തിലുള്ള സംഭരണികളിലും , ചെരുപ്പ് , റെക്സിൻ, തെർമോകോൾ , ഫ്ളക്സ് ബേഗുകൾ തുടങ്ങിയ മാലിന്യങ്ങൾ കറുപ്പു നിറത്തിലുള്ള സംഭരണികളിലും, പഴയതുണിത്തരങ്ങൾ വസ്ത്രങ്ങൾ തുടങ്ങിയ മാലിന്യങ്ങൾ മഞ്ഞ കലർന്ന വെള്ള കണ്ടെയിനറുകളിലും , ഇലക്ട്രിക്, ഇലക്ട്രോണിക് മാലിന്യങ്ങൾ ബ്രൗൺ കണ്ടെയിനറുകളിലും, കാലാവധി കഴിഞ്ഞ മരുന്നുകൾ , പെയിന്റ് പാത്രങ്ങൾ,കീടനാശിനി പാത്രങ്ങൾ, സി എഫ് എൽ ബൾബുകൾ, പൊട്ടിയ തെർമോമീറ്റർ, ഉപയോഗശൂന്യമായ ബാറ്ററികൾ തുടങ്ങിയവ ചുവപ്പ് കണ്ടെയിനറുകളിലും പ്രത്യേകം ശേഖരിക്കേണ്ടതാണ്. ജൈവമാലിന്യങ്ങൾ നിർബന്ധമായും ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനം വഴി സംസ്ക്കരിക്കേണ്ടതാണ്;

8. സീവേജ് , സലേജ്, സെപ്റ്റേജ് മാലിന്യങ്ങൾ യാതൊരാളും, സ്ഥാപനങ്ങളും പൊതു സ്ഥലത്തോ, പൊതു ജലാശയത്തിലോ ഒഴുക്കി വിടാൻ പാടില്ലാത്തതാകുന്നു;
9. സീവേജ് , സലേജ്, സെപ്റ്റേജ് മാലിന്യങ്ങൾ സ്വന്തം ചിലവിൽ അംഗീകൃത സേവനദാതാക്കൾ മുഖേന കോർപ്പറേഷന്റെ മുൻകൂർ അനുവാദത്തോടെ മാത്രമെ സംസ്ക്കരിക്കാൻ പാടുള്ളു. ഇതിനായി സ്വന്തമായി സ്ഥലവും സംവിധാനങ്ങളും ഉള്ള സ്ഥാപനങ്ങളും വ്യക്തികളും , കോർപ്പറേഷനിൽ നിന്ന് നിയമാനുസൃതം അനുവാദം വാങ്ങിക്കേണ്ടതാണ്;
10. ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ഉൽപ്പാദകർ, വിതരണക്കാർ 2016ലെ ഇ മാലിന്യ പരിപാലന ചട്ടങ്ങളിലെ 3(ഇ) (കെ)(എസ് ) (ടി) എന്നീ ചട്ടങ്ങൾ നിർണ്ണയിച്ചതുപ്രകാരം പ്രസ്തുത ഉപകരണങ്ങളുടെ ഉപയോഗവസാനമായവ അവ തിരികെ ശേഖരിക്കുന്നതിന് ശേഖരണ കേന്ദ്രവും, അപകടകരവും പുനരുപയോഗത്തിന് സാധ്യമായതും എന്നിങ്ങനെ വേർതിരിച്ച് , പരിസ്ഥിതിക്കും, പൊതുജനാരാഗ്യത്തിനും ദോഷകരമില്ലാത്ത വിധത്തിൽ ശേഖരിക്കുകയും, അവ സംസ്ക്കരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തേണ്ടതുതാണ്;
11. യാതൊരാളും കെട്ടിട നിർമ്മാണത്തിന്റെയോ,അറ്റകുറ്റപണി, കെട്ടിടം പൊളിക്കുന്നതിന്റെയോ ഫലമായുണ്ടാകുന്ന കെട്ടിട മാലിന്യങ്ങൾ , 2016 ലെ കെട്ടിട നിർമ്മാണവും പൊളിക്കലും മാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരം കോർപ്പറേഷന്റെ അനുവാദത്തോടുകൂടി സ്വന്തം ഉത്തരവാദിത്വത്തിൽ അംഗീകൃത ഏജൻസിക്ക് കൈമാറേണ്ടതാണ്;

12. നൂറോ അതിൽ കൂടുതലോ ആളുകൾ പങ്കെടുക്കുന്ന കോർപ്പറേഷൻ ലൈസൻസില്ലാത്ത സ്ഥലങ്ങളിൽ വെച്ച് നടത്തുന്ന ഏത് ചടങ്ങുകളും, അവ ഏത് പേരിലറിയപ്പെട്ടാലും അവ സംഘടിപ്പിക്കുന്നയാൾ ഏറ്റവും ചുരുങ്ങിയത് 3 ദിവസം മുമ്പ് പ്രസ്തുത വിവരം കോർപ്പറേഷനിൽ രേഖാമൂലം അറിയിക്കേണ്ടതും, പ്രസ്തുത ചടങ്ങിലുണ്ടാവുന്ന മാലിന്യങ്ങൾ, ജൈവം, അജൈവം, അപകടകരം എന്നിങ്ങനെ തരം തിരിച്ച് നിയമാവലിയിൽ നിർണ്ണയിച്ച പ്രത്യേക സംഭരണികളിൽ ശേഖരിക്കേണ്ടതും, ആയത് കോർപ്പറേഷൻ ചുമതലപ്പെടുത്തിയ ഏജൻസിക്ക് കോർപ്പറേഷൻ അംഗീകരിച്ച നിരക്കിൽ ഫീസ് ഒടുക്കി കൈമാറേണ്ടതാകുന്നു;

പ്രസ്തുത ചടങ്ങിനുള്ള അനുമതി അപേക്ഷാ ഫോറം, രജിസ്റ്റർ, അനുമതി പത്രം, കോർപ്പറേഷൻ അംഗീകരിച്ചുള്ള ഫീസ് ( യൂസർ ഫീ) (അനുബന്ധം - I ,II, III, IV കാണുക);

13. ഏതെങ്കിലും ആവശ്യത്തിനായി കോർപ്പറേഷൻ അതിർത്തിക്കുള്ളിൽ ഏതെങ്കിലും ആൾ കോർപ്പറേഷൻ നിരോധിച്ച പ്ലാസ്റ്റിക് ക്യാരിബാഗുകൾ കൈവശം വെക്കുകയും, വഹിച്ചുകൊണ്ടുപോവുകയോ ചെയ്യുവാൻ പാടില്ല.

## 7. മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കലും, സംഭരിക്കലും, സംസ്ക്കരണവും.-

താഴെപ്പറയുന്ന ഒമ്പത് തരത്തിലുള്ള മാലിന്യങ്ങൾ അവ പുറന്തള്ളുന്നവർ തന്നെ തരംതിരിച്ച് അവയുടെ ഉത്ഭവസ്ഥാനത്തുതന്നെ സംഭരണത്തിനും സംസ്ക്കരണത്തിനും കൈമാറുന്നതിനായി തയ്യാറാക്കേണ്ടതാണ്.

(1) അഴുകുന്ന ജൈവമാലിന്യങ്ങൾ.(പച്ച സംഭരണി);

(2)വീടുകളിലോ/സ്ഥാപനങ്ങളിലോ ഉപയോഗശേഷം പുറന്തള്ളുന്ന അപകടകാരികളായ വസ്തുക്കൾ.(ചുവപ്പ് സംഭരണി);

(3) ബയോ-മെഡിക്കൽ മാലിന്യങ്ങൾ(2016 ലെ ബയോ മെഡിക്കൽ മാലിന്യ പരിപാലന ചട്ടപ്രകാരം );

(4) ഫ്ളാറ്റ്, വില്ലാസ്, അപ്പാർട്ട്മെന്റ്സ് മറ്റ് കെട്ടിടനിർമ്മാണം പൊളിക്കൽ പ്രവർത്തനങ്ങളുടെ അവശിഷ്ടങ്ങളും പൊളിച്ചുമാറ്റുന്ന പഴയ കെട്ടിട ഭാഗങ്ങളും.(2016 ലെ കെട്ടിട നിർമ്മാണം- പൊളിക്കൽ മാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരം );

(5) തൊടികളിലും, ഉദ്യാനങ്ങളിലും നിന്ന് പുറന്തള്ളപ്പെടുന്ന സസ്യഭാഗങ്ങൾ.(പച്ച സംഭരണി);

(6)അഴുകാത്തതും, നനവില്ലാത്തതുമായ റീസൈക്കിൾ ചെയ്യാവുന്ന എല്ലാ പ്ലാസ്റ്റിക് മാലിന്യങ്ങളും (നീലസംഭരണി);

(7) ദ്രവമാലിന്യങ്ങൾ;

(8) റീസൈക്കിൾ ചെയ്യാൻ പറ്റാത്ത ചെരുപ്പ്, ബേഗ് റെക്സിൻ , തെർമോകോൾ, മുതലായ മാലിന്യങ്ങൾ (കറുപ്പ് സംഭരണി);

(9) ഇലട്രിക്, ഇലക്ട്രോണിക്സ് മാലിന്യങ്ങൾ (ബ്രൗൺ സംഭരണി);

(10) ഖരമാലിന്യങ്ങൾ വേർതിരിച്ച്, പരസ്പരം കലരാത്ത വിധത്തിൽ സംഭരിച്ച് മാലിന്യം ഉൽപ്പാദിക്കപ്പെടുന്ന (ജനറേറ്റ് ചെയ്യപ്പെടുന്ന) സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതും, സംഭരണചുമതലയുള്ളവരെ ഏൽപ്പിക്കേണ്ടതുമാണ്. കൈമാറുന്ന മാലിന്യങ്ങൾ ഇത്തരത്തിൽ വേർതിരിച്ച് നൽകാതിരുന്നാൽ അത് കുറ്റമായി കണക്കാക്കപ്പെടും, (വിവരണം-1 അതാത് സമയത്ത് നിലവിൽ വരുന്ന സംവിധാനങ്ങൾക്കനുസരിച്ച് ഒരോ ഇനം മാലിന്യവും സൂക്ഷിക്കുകയും, കൈമാറുകയും, സംഭരിക്കുകയും ചെയ്യുന്ന രീതിയും സ്ഥലവും സംഭരണ പാത്രങ്ങളുടെ നിറവും സംഭരണ സമയവും അവ വേർതിരിച്ച് പരിപാലനം ചെയ്യേണ്ട സുരക്ഷിതമായ മാർഗ്ഗങ്ങളും, ശേഖരണവും സംബന്ധിച്ച കലണ്ടർ കോർപ്പറേഷൻ സെക്രട്ടറി WWW.kozhikodecorporation.org.in എന്ന വെബ്സൈറ്റിലൂടെയും മറ്റ് മാർഗ്ഗേനെയും പൊതുജനങ്ങളെ അറിയിക്കുന്നതാണ്)

11. ജൈവ മാലിന്യങ്ങൾ,അജൈവമാലിന്യങ്ങൾ, അപകടകരമായ മാലിന്യങ്ങൾ:

മാലിന്യം സ്വന്തമായി സംസ്ക്കരിക്കുന്നതിന് സ്ഥല പരിമിതി മൂലം സംവിധാനങ്ങളൊരുക്കിയിട്ടില്ലാത്ത വീട്ടുടമകൾ എല്ലാവരും ഒറ്റക്കോ, കൂട്ടായോ നിർദ്ദിഷ്ട അടപ്പുള്ള ബക്കറ്റുകളിൽ/കണ്ടെയിനറുകളിൽ ജൈവം അജൈവം വേർതിരിച്ച് സംഭരിക്കുകയും, അവ ശേഖരിക്കുന്നതിന് നിയോഗിക്കപ്പെട്ട വ്യക്തി /ഏജൻസിക്ക് (കൈമാറുകയും ചെയ്യേണ്ടതാണ്. ഈ ശേഖരണ സംവിധാനമൊരുക്കുന്നതിന് നഗരസഭ കാലാനുസൃതമായി നിശ്ചയിക്കുന്ന ഫീസ് (യൂസർ ഫീസ്) വ്യക്തിക്ക് / ഏജൻസിക്ക് നൽകേണ്ടതാണ് . (അനുബന്ധം V കാണുക). പ്രതിമാസ യൂസർഫീസ് എല്ലാ വീട്ടുകാരും അടുത്ത മാസം 5-ാം തിയതിക്കകം ഒടുക്കേണ്ടതാണ്. യൂസർഫീ യഥാസമയം ഒടുക്കുന്നതിന് വീഴ്ച വരുത്തുന്നവർ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 538(2) വകുപ്പ് പ്രകാരമുള്ള പ്രതിമാസ പിഴയോടുകൂടി മാത്രമെ സ്വീകരിക്കുകയുള്ളൂ. പിഴ പൊതുവായോ, പ്രത്യേകമായോ ഒഴിവാക്കി നൽകുന്നതിന് കോർപ്പറേഷൻ കൗൺസിലിന് അധികാര മുണ്ടായിരിക്കേണ്ടതാണ്;

12. വലിയ അളവിൽ ഖരദ്രവമാലിന്യങ്ങൾ പുറന്തള്ളേണ്ടി വരുന്ന സ്ഥാപനങ്ങൾ - ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കേറ്ററിംഗ് യൂണിറ്റുകൾ, കല്യാണമണ്ഡപങ്ങൾ, ആശുപത്രികൾ, കാന്റീനുകൾ, മൽസ്യ- മാംസ സംസ്ക്കരണ സ്ഥാപനങ്ങൾ, സ്വകാര്യ മാർക്കറ്റുകൾ എന്നിവ വിഞ്ജാപന തിയതിമുതൽ 60 ദിവസത്തിനുള്ളിൽ ജൈവ മാലിന്യ സംസ്ക്കരണ സംവിധാനം ഉറവിടത്തിൽ ഒരുക്കിയിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു. ഇത് നിർമ്മിക്കുന്നതും, നിലനിർത്തുന്നതും ഈ സ്ഥാപനങ്ങൾക്കുള്ള ലൈസൻസിന്റെ ഭാഗമായി നിർബന്ധിതമാക്കുകയും ചെയ്യുന്നു. സ്ഥലപരിമിതികൊണ്ട് ഇത്തരം സംവിധാനങ്ങളൊരുക്കാൻ തികച്ചും അസാദ്ധ്യമെന്ന് കോർപ്പറേഷൻ നഗരസഭാധികൃതർ പരിശോധിച്ച് ബോദ്ധ്യപ്പെടുന്ന ബൽക്ക് ജനറേറ്റർ ഒഴികെയുള്ള സ്ഥാപനങ്ങളിൽ നിന്ന് ഖര-ദ്രവ മാലിന്യ സംഭരണം നടത്തുന്നതിന് ഉല്പ്പാദിപ്പിക്കപ്പെടുന്ന മാലിന്യം ലൈസൻസ് പട്ടിക പ്രകാരമുള്ള ക്ലാസനുസരിച്ച് കോർപ്പറേഷൻ നിശ്ചയിച്ചിരിക്കുന്ന ഫീസ് (യൂസർ ഫീസ് അനുബന്ധം VI, VII കാണുക) ഈടാക്കുന്നതിന് നിയമപ്രകാരം വ്യവസ്ഥചെയ്യുന്നു. ആശുപത്രികൾ, കല്യാണമണ്ഡപങ്ങൾ, ഓഡിറ്റോറിയങ്ങൾ എന്നിവ ഉൾപ്പെട്ട ബൽക്ക് ജനറേറ്ററുകൾ അനുയോജ്യമായ പ്ലാന്റ് നിർമ്മാണത്തിന് സ്ഥലം സ്വയം കണ്ടെത്തി ഖര,ദ്രവ മാലിന്യ സംസ്ക്കരണം തങ്ങളുടെ സ്വന്തം ഉത്തരവാദിത്വത്തിലും മേൽനോട്ടത്തിലും ചെയ്യേണ്ടതാണ് എന്ന് വ്യവസ്ഥചെയ്യുന്നു. പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങളിലും/പുതുതായി നിർമ്മിക്കുന്ന വീടുകളിലും ജൈവമാലിന്യം ഉറവിടത്തിൽ സംസ്ക്കരിക്കാനുള്ള സംവിധാനവും, അജൈവ മാലിന്യങ്ങൾ വേർതിരിച്ച് കൈമാറുന്നതിന് കോർപ്പറേഷൻ നിശ്ചയിച്ച നിറത്തിലുള്ള , മതിയായ വലിപ്പത്തിലുള്ള എം ആർ എഫ്/മിനി എം ആർ എഫ് സ്ഥാപിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു;

13. പുതുതായി നിർമ്മിക്കുന്ന എല്ലാ വീടുകളിലും ജൈവമാലിന്യം ഉറവിടങ്ങളിൽ തന്നെ ശാസ്തീയമായി സംസ്ക്കരിക്കുന്നതിന് ബയോഗ്യാസ് യൂണിറ്റ് / കംബോസ്റ്റ് യുണിറ്റ് തുടങ്ങിയവയിൽ ഏതെങ്കിലും ഒന്ന് നിർബന്ധമായും സ്ഥാപിക്കേണ്ടതാണെന്നും നിലവിലുള്ള വീടുകളിൽ വിഞ്ജാപനതിയതി മുതൽ 6 മാസത്തിനകം ഏതെങ്കിലും തരത്തിലുള്ള ശാസ്ത്രീയ ജൈവമാലിന്യ സംസ്ക്കരണ യൂണിറ്റ് നിർബന്ധമാക്കി ക്കൊണ്ട് വ്യവസ്ഥ ചെയ്യുന്നു. ബൽക്ക് ജനറേറ്റർ ഒഴികെയുള്ള സ്ഥാപനങ്ങളിൽ നിന്നും പുറന്തള്ളപ്പെടുന്ന അപകടകാരികളായ ഉപയോഗരഹിത വസ്തുക്കൾ ബന്ധപ്പെട്ട പ്രദേശത്തെ സർക്കിൾ/സോണൽ ഹെൽത്ത് ഇൻസ്പെക്ടർ നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തുന്ന ഒരു ദിവസം കോർപ്പറേഷൻ ജീവനക്കാർ/ കോർപ്പറേഷൻ ചുമതലപ്പെടുത്തിയ ഏജൻസി / ഏജൻസിക്ക് പ്രത്യേകം കൈമാറുവാൻ വീട്ടുടമ/ സ്ഥാപനാധികാരി ചുമതലപ്പെട്ടിരിക്കുന്നു;

കുറിപ്പ് . 30 ചതുരശ്ര മീറ്ററിൽ  കുറവുള്ള വീടുകളെ ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനത്തിൽ  നിന്നും ഇളവ് അനുവദിക്കുന്നു;

14 ബയോ-മെഡിക്കൽ മാലിന്യങ്ങൾ പ്രത്യേകം സൂക്ഷിക്കുവാൻ ആശുപത്രികളും, ആരോഗ്യസ്ഥാപനങ്ങളും ബാദ്ധ്യസ്ഥരാണ്. അവ ഇതരമാലിന്യങ്ങൾ നിക്ഷേപിക്കുന്ന സങ്കേതങ്ങളിൽ കൊണ്ടുവന്ന് തള്ളുന്നത് കുറ്റകരമാണ്. അവ പൂർണ്ണമായും അപകട വിമുക്തമാക്കി നശിപ്പിക്കുന്നതിന് ആശുപത്രികൾ സ്വയം ശാസ്ത്രീയ സംവിധാനങ്ങൾ ഏർപ്പെടുത്തുകയോ, അതിനായി സംവിധാനമൊരുക്കിയിട്ടുള്ള ഇതര ഏജൻസികളുമായി ബന്ധപ്പെട്ട്  അവ പരിപാലനം  ചെയ്യേണ്ടതോ ആണ്. ഇപ്രകാരം ഇതര ഏജൻസികളെ  ഏൽപ്പിക്കുന്ന സാഹചര്യത്തിൽ ആയതിന്റെ രേഖകൾ സൂക്ഷിക്കേണ്ടതാണ്. കോർപ്പറേഷൻ സെക്രട്ടറി/സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടാൽ കാണിക്കേണ്ടതുമാണ്;

15. കെട്ടിട നിർമ്മാണ - കെട്ടിടാവശിഷ്ടങ്ങൾ (Construction and Demolition Waste - C&D Waste) നിർമ്മിക്കുകയും , അറ്റകുറ്റ പണി നടത്തുകയും പൊളിക്കുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങൾ, ഓടകളും ജലാശയങ്ങളും കോരി വൃത്തിയാക്കുമ്പോൾ ഉണ്ടാകുന്ന ചെളി എന്നിവ ആര് പുറന്തള്ളുന്നുവോ (ജനറേറ്റ് ചെയ്യുന്നുവോ) അവർ തന്നെ പ്രത്യേകം വേർതിരിച്ച് സ്വന്തം സ്ഥലത്ത് സൂക്ഷിക്കേണ്ടതും, കോർപ്പറേഷൻ ചുമതലപ്പെടുത്തിയ അംഗീകരിച്ച ഏജൻസികൾക്ക് കാലാകാലങ്ങളിൽ കോർപ്പറേഷൻ നിശ്ചയിച്ച ഫീ ഒടുക്കി കൈമാറേണ്ടതാണ്;

16. ഇതര അജൈവ മാലിന്യങ്ങൾ പുന:ചംക്രമണം ചെയ്യാവുന്നവയും, അല്ലാത്തവയും - തരംതിരിച്ച് സംഭരിക്കുവാനും, അവ കോർപ്പറേഷൻ കാലാകാലങ്ങളിൽ നിയോഗിക്കുന്ന നഗരസഭാ ജീവനക്കാർ/ കോർപ്പറേഷൻ ചുമതലപ്പെടുത്തിയ ഏജൻസി / ഏജൻസികൾ എന്നിവർക്കു നിശ്ചിതദിവസത്തിനുള്ളിൽ കൈമാറുവാനും ഓരോ പൗരനും ബാദ്ധ്യതയുണ്ട്;

17. പൊതുസംഭരണ സൗകര്യങ്ങൾ/ശാലകൾ കോർപ്പറേഷൻ മാലിന്യ സംഭരണത്തി നേർപ്പെടുത്തുന്ന പൊതു സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നവർ മാലിന്യം തരംതിരിച്ച് അതാതിനായി നിർദ്ദേശിക്കപ്പെടുന്ന സംഭരണിയിൽ തന്നെ നിക്ഷേപിക്കുന്നുവെന്നും, വഴിമദ്ധ്യേ കടലാസുകൾ, സിഗററ്റുകൾ, പാക്കേജുകൾ,  തുണികൾ, പ്ലാസ്റ്റിക്കുകൾ, തുടങ്ങിയ വസ്തുക്കൾ അലക്ഷ്യമായി നിക്ഷേപിക്കുവാൻ പാടില്ലാത്തതും അവ സംഭരണിക്കോ ശാലയ്ക്കോ പുറത്ത് ചിതറി വീഴുന്നില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇതിനു വിരുദ്ധമായ പ്രവർത്തികൾ ശിക്ഷാ പട്ടികയിൽ പറയുന്ന പിഴ ഈടാക്കാൻ കാരണമാകുന്ന കുറ്റമായി കണക്കാക്കപ്പെടും;

18. മാലിന്യങ്ങൾ കത്തിക്കുന്നത് - മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലോ, മാലിന്യനിക്ഷേപ കേന്ദ്രത്തിലോ മറ്റേതെങ്കിലും പൊതു സ്വകാര്യസ്ഥലത്തോ വച്ച് കത്തിക്കുന്നത് ശിക്ഷാർഹമാണ്. (കോർപ്പറേഷനിൽ നിന്ന് പ്രത്യേക അനുമതി വാങ്ങി അടച്ചു സൂക്ഷിച്ചതും നിയന്ത്രണവിധേയവുമായ ഇൻസിറേറ്റർ ഉപയോഗിച്ച് ബയോമെഡിക്കൽ മാലിന്യങ്ങൾ ഡയപ്പർ സാനിറ്ററി നാപ്കിൻ തുടങ്ങിയ മാലിന്യങ്ങൾ നശിപ്പിക്കുന്നത് ഇതിൽ ഉൾപ്പെടുന്നില്ല);

19. ഈ നിയമാവലിയിൽ പ്രതിപാദിച്ചിരിക്കുന്ന നിയമലംഘന പിഴശിക്ഷയെ കുറിച്ച് 1994 ലെ കേരള മുൻസിപാലിറ്റി ആക്ട് (1994 ലെ 20ാം ആക്ട് ) നാലാം പട്ടികയിൽ പറയുന്ന പിഴ ചുമത്തുന്നതാണ്;

20. വാഹന കോൺട്രാക്ടർമാർക്കും കോർപ്പറേഷൻ ജീവനക്കാർക്കും ഏജന്റ്മാർക്കും എതിരെയുള്ള നടപടികൾ കോൺട്രാക്ടറോ, ജീവനക്കാരോ ഏജന്റോ വേർതിരിച്ചു ലഭ്യമാക്കുന്ന മാലിന്യം സംഭരണ സമയത്തോ പിന്നീടോ മിശ്രണം ചെയ്യുന്നതായി കണ്ടാലോ അനുശാസിക്കപ്പെട്ട സമയത്ത് മാലിന്യസംഭരണം നടത്താതിരുന്നാലോ പിഴയും സർവ്വീസ് ചട്ടങ്ങൾ അനുശാസിക്കുന്ന ശിക്ഷാനടപടികളും സ്വീകരിക്കുന്നതാണ്;

21. 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളിലെ 3 (21) ചട്ടപ്രകാരം പാക്കിംഗ് സാധനങ്ങളായ പ്ലാസ്റ്റിക് ടിൻ , കുപ്പികൾ (ഗ്ലാസ്) കാർഡ് ബോർഡ് പെട്ടികൾ എന്നിവയും മൾട്ടിലയേർഡ് പ്ലാസ്റ്റിക് പൗച്ചസ് പാക്കിങ്ങ് സാധനങ്ങൾ, പ്ലാസ്റ്റിക് ബോട്ടിലുകൾ എന്നിവ ഉൽപാദിപ്പിക്കുന്നവരും പാക്കിങ്ങിന് ഉപയോഗിക്കുന്നവരും വിതരണക്കാരും ഉപയോഗത്തിനുശേഷം തിരിച്ചെടുക്കണം. തിരിച്ചെടുത്ത പ്ലാസ്റ്റിക് ടിൻ , കുപ്പികൾ , കാർഡ് ബോർഡ് പെട്ടികൾ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ പുനരുപയോഗിക്കുകയും, സംസ്കരിക്കുകയും പരിപാലിക്കുകയും വേണം; (Extended Producers Responsibily- EPR).

## 8.വാർഡ് സാനിറ്റേഷൻ കമ്മറ്റിയുടെ ഘടനയും, ചുമതലയും

### ഘടന

വാർഡ് കൗൺസിലർ ചെയർമാനും, കോർപ്പറേഷൻ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥൻ കൺവീനറും ആയിരിക്കും;

**അംഗങ്ങൾ**

ഉദ്യോഗസ്ഥർ, സന്നദ്ധ സാമൂഹ്യ പ്രവർത്തകർ, എ ഡി എസ്, അയൽക്കൂട്ടം മേയർ നിർദ്ദേശിച്ച അതാത് വാർഡിലെ റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ (2 എണ്ണം), അയൽക്കൂട്ടം ഭാരവാഹികൾ (2 എണ്ണം), എന്നിവർ അംഗങ്ങളായിരിക്കും. ഇതിന് പുറമെ കൂടുതൽ അംഗങ്ങളെ കൂട്ടിച്ചേർക്കാൻ കോർപ്പറേഷൻ കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്;

**ചുമതലകൾ**

1. 25 ൽ കുറയാതെയും 50 ൽ കൂടാതെയുമുള്ള വീടുകളെ ഉപയൂണിറ്റുകളായി തിരിക്കുക;
2. ഉപയൂണിറ്റുകളിൽ സംഘാടകസമിതി രൂപീകരിക്കുക;
3. കുടുംബങ്ങൾക്കും, സ്ഥാപനങ്ങളുടെ ചുമതലക്കാർക്കും പരിശീലനം നൽകുക;
4. പൊതു കെട്ടിടങ്ങളിലും നിരത്തുകളിലും പൊതു സ്ഥലങ്ങളിലും വാർഡിലെ ഒഴിഞ്ഞുകിടക്കുന്ന സ്വകാര്യസ്ഥലങ്ങളിലും, പൊതു ജലാശയങ്ങളിലും, മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനുള്ള ജാഗ്രതാസമിതിയായി പ്രവർത്തിക്കുക;
5. സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന രീതി നിരീക്ഷണം നടത്തുക;
6. ശാസ്തീയമായ മാലിന്യ സംസ്ക്കരണ രീതി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പ്രചാരണം സംഘടിപ്പിക്കുക;
7. മാലിന്യ സമാഹരണം നടത്തുന്നവർക്ക് ആവശ്യമായ പിന്തുണയും പ്രോത്സാഹനവും നൽകുക;
8. മാലിന്യ പരിപാലന ചട്ടങ്ങളുടെ ലംഘനം നടത്തുന്നവർക്കെതിരെ തുടർ നടപടി സ്വീകരിക്കുന്നതിന് ഹെൽത്ത് ഇൻസ്പെക്ടറുടെ മുമ്പാകെ വിവരം അറിയിക്കൽ;

**9.മാലിന്യ ഉൽപ്പാദകരുടെ ചുമതലകൾ**

1. മാലിന്യം അജൈവം, ജൈവം, അപകടകരം, എന്നിങ്ങനെ പ്രത്യേകം തരംതിരിച്ച് യഥാക്രമം പ്ലാസ്റ്റിക് പേക്കിംഗ് സാധനങ്ങൾ തുടങ്ങിയവ ഇളം നീല നിറത്തിലുള്ള സംഭരണികളിലും, പ്ലാസ്റ്റിക് ബോട്ടിലുകൾ തുടങ്ങിയവ കടും നീല സംഭരണികളിലും, പേപ്പർ തുടങ്ങിയവ വെള്ള നിറത്തിലുള്ള സംഭരണികളിലും, ലോഹങ്ങൾ ചാരനിറത്തിലുള്ള സംഭരണികളിലും കുപ്പികൾ, കുപ്പിച്ചില്ലുകൾ, ഗ്ലാസുകൾ, തുടങ്ങിയവ മഞ്ഞനിറത്തിലുള്ള സംഭരണികളിലും , ചെരുപ്പ് , റെക്സിൻ തെർമോകോൾ , ഫ്ളക്സുകൾ, ബേഗുകൾ തുടങ്ങിയ മാലിന്യങ്ങൾ കറുപ്പു നിറത്തിലുള്ള സംഭരണികളിലും, പഴയതുണിത്തരങ്ങൾ വസ്ത്രങ്ങൾ തുടങ്ങിയ

മാലിന്യങ്ങൾ മഞ്ഞ കലർന്ന വെള്ള സംഭരണികളിലും, ഇലക്ട്രിക്, ഇലക്ട്രോണിക് മാലിന്യങ്ങൾ കാപ്പികളർ സംഭരണികളിലും, കാലാവധി കഴിഞ്ഞ മരുന്നുകൾ, പെയിന്റ് പാത്രങ്ങൾ, കീടനാശിനി പാത്രങ്ങൾ, സി എഫ് എൽ ബൾബുകൾ, ട്യൂബ് ലൈറ്റുകൾപൊട്ടിയ തെർമോമീറ്റർ, ഉപയോഗ ശൂന്യമായ ബാറ്ററികൾ തുടങ്ങിയവ ചുവപ്പ് സംഭരണികളിലും നിക്ഷേപിക്കലും, ശേഖരിച്ച് സൂക്ഷിക്കേണ്ടതും, ജൈവ മാലിന്യങ്ങൾ ഉറവിട മാലിന്യ സംസ്ക്കരണം വഴി സംസ്ക്കരിക്കേണ്ടതുമാണ്. സംസ്ക്കരിക്കാൻ സ്ഥലപരിമിതി മൂലം സംവിധാനമില്ലായെന്ന് കോർപ്പറേഷന് തോന്നുന്ന പക്ഷം കോർപ്പറേഷൻ ചുമതപ്പെടുത്തുന്ന ഏജൻസികൾ, ജീവനക്കാർ, ഹരിതകർമ്മസേന എന്നിവർക്ക് സംസ്ക്കരണത്തിന് നൽകേണ്ടതും, സംസ്ക്കരിക്കുന്നതിന് കോർപ്പറേഷൻ കൗൺസിൽ അംഗീകരിച്ച യൂസർഫീ നൽകേണ്ടതുമാണ്. ഇത്തരം സാഹചര്യങ്ങളിൽ കരാറിന്റെയും മറ്റ് രേഖകളുടെയും പകർപ്പ് സൂക്ഷിക്കേണ്ടതും പരിശോധനക്ക് നൽകേണ്ടതുമാണ്;

2. കെട്ടിട നിർമ്മാണ - അറ്റകുറ്റപണി പൊളിക്കുന്ന സമയത്തെ മാലിന്യങ്ങളും പ്രത്യേകം തരം തിരിച്ച് 2016ലെ കെട്ടിട നിർമ്മാണ-പൊളിക്കൽ മാലിന്യപരിപാലന ചട്ടപ്രകാരം കോർപ്പറേഷന്റെ അനുമതിയോടെ സംസ്ക്കരിക്കേണ്ടതാണ് ;
3. മാലിന്യം പൊതുസ്ഥലത്തോ, സ്വകാര്യ സ്ഥലത്തോ, മറ്റ് തുറന്ന പ്രദേശങ്ങളിലോ, കത്തിത്തിക്കുവാനോ, പൊതു സ്ഥലങ്ങളിലോ, ജലാശയങ്ങളിലോ വലിച്ചെറിയുവാനോ പാടുള്ളതല്ല;
4. യാതൊരു സ്ഥലത്തു വെച്ചും മാലിന്യങ്ങൾ കത്തിക്കാൻ പാടില്ല;
5. തെരുവ് കച്ചവടക്കാർ പ്രസ്തുത കച്ചവടത്തിന്റെ ഭാഗമായി ഉൽഭവിക്കുന്ന മാലിന്യം പ്രത്യേകം തരം തിരിച്ച് സംസ്ക്കരണത്തിനായി സജ്ജമാക്കേണ്ടതാണ്. ഇപ്രകാരം ശേഖരിച്ചുവെച്ച മാലിന്യം നഗരസഭ ചുമതലപ്പെടുത്തുന്ന ഏജൻസിക്ക് /വ്യക്തികൾക്ക്/ജീവനക്കാർക്ക്/ ഹരിതകർമ്മ സേനക്ക് കൈമാറേണ്ടതും, ഇതിനായി കോർപ്പറേഷൻ നിശ്ചയിക്കുന്ന യൂസർ ഫീ നൽകേണ്ടതാണ്.

## <u>10.റസിഡൻസ് / അയൽപ്പക്കവേദി /ഫ്ളാറ്റ്/ വില്ലാസ് അസോസിയേഷന്റെ ചുമതലകൾ:</u>

1. റസിഡൻസ് അസോസിയേഷൻ ഉൾപ്പെടുന്ന വീടുകളിലെ പ്ലാസ്റ്റിക് ഖരദ്രവ ഇ മാലിന്യം, കെട്ടിട നിർമ്മാണ/അറ്റകുറ്റ പണി /പൊളിക്കൽ മാലിന്യം എന്നിവ നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾ പ്രകാരം സംസ്ക്കരിക്കുന്നു / കൈമാറ്റം ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുക;
2. വീടുകളിൽ ഉൽപ്പാദിപ്പിക്കുന്ന മാലിന്യങ്ങളുടെ അളവിൽ പരമാവധി കുറവ് വരുത്തുക;

3. കോർപ്പറേഷൻ നിരോധിച്ച പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുക;
4. പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് പകരം തുണിസഞ്ചികളും, പുനരുപയോഗ സാധ്യതയുള്ള ബാഗുകളും മാത്രം ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുക;
5. അജൈവ മാലിന്യങ്ങൾ പ്രത്യേകം തരം തിരിച്ച് സൂക്ഷിച്ച് കൈമാറുന്നതിന് റസിഡൻസ് /ഫ്ളാറ്റ്/ വില്ലാസ് അസോസിയേഷൻ എന്നിവർ പ്രത്യേകം സമിതി മിനി എം ആർ എഫ് സംവിധാനം ഏർപ്പെടുത്തി പരിപാലിച്ച് പ്രസ്തുത മാലിന്യം കോർപ്പറേഷൻ ചുമതലപ്പെടുത്തിയ ഏജൻസിക്ക് നൽകുന്നു എന്ന് ഉറപ്പ് വരുത്തുക;
6. റസിഡൻസ് /അയൽപ്പക്ക വേദികൾ /ഫ്ളാറ്റ്/ വില്ലാസ് അസോസിയേഷനുകൾ എന്നിവ കോർപ്പറേഷൻ ഓഫീസിൽ പ്രതി വർഷ ഫീ 100 രൂപ ഫീസൊടുക്കി നിശ്ചിത ഫോറത്തിൽ 5 വർഷക്കാലയളവിലേക്ക് രജിസ്ട്രേഷൻ ചെയ്യുക,, രജിസ്ട്രേഷൻ പുതുക്കുന്നതിന് പ്രതിവർഷം 100 രൂപ ഫീസൊടുക്കി പുതുക്കേണ്ടതാകുന്നു.( രജിസ്ട്രേഷൻ പുതുക്കൽ തിയതി മുതൽ 5 വർഷക്കാലയളവ് വരെ) രജിസ്ട്രേഷൻ ഫോറം , രജിസ്ട്രർ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ( അനുബന്ധം VI, VII, VIII കാണുക);
7. അയൽക്കൂട്ടാടിസ്ഥാനത്തിൽ ഓരോ 25 മുതൽ 50 വീടുകൾക്ക് വരെ രണ്ട് വളണ്ടിയർമാരെ തെരഞ്ഞെടുത്ത് ചുമതലപ്പെടുത്തുക;
8. അസോസ്സിയേഷന്റെ പ്രവർത്തന പരിധിയിൽ ഈ നിയമാവലിക്ക് വിരുദ്ധമായ പ്രവർത്തനം നടക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ ജാഗ്രതാസമിതി രൂപീകരിച്ച് പ്രവർത്തിക്കുക.

## 11.മാലിന്യം വലിയ അളവിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നവരുടെ ചുമതലകൾ (BULK GENERATOR )

1. മാലിന്യം ജൈവ മാലിന്യങ്ങൾ പച്ച നിറത്തിലുള്ള കണ്ടെയിനറുകളിലും, പ്ലാസ്റ്റിക് പേക്കിംഗ് സാധനങ്ങൾ തുടങ്ങിയവ ഇളം നീല നിറത്തിലുള്ള സംഭരണികളിലും , പ്ലാസ്റ്റിക് ബോട്ടിലുകൾ തുടങ്ങിയവ കടും നീല കണ്ടെയിനറുകളിലും , പേപ്പർ തുടങ്ങിയവ വെള്ള നിറത്തിലുള്ള കണ്ടെയിനറുകളിലും , ലോഹങ്ങൾ ചാരനിറത്തിലുള്ള കണ്ടെയിനറുകളിലും കുപ്പികൾ, കുപ്പിച്ചില്ലുകൾ,ഗ്ലാസുകൾ, തുടങ്ങിയവ മഞ്ഞനിറത്തിലുള്ള സംഭരണികളിലും , ചെരുപ്പ് , റെക്സിൻ, തെർമോകോൾ , ഫ്ളക്സുകൾ, ബേഗുകൾ തുടങ്ങിയ മാലിന്യങ്ങൾ കറുപ്പു നിറത്തിലുള്ള സംഭരണികളിലും, പഴയതുണിത്തരങ്ങൾ വസ്ത്രങ്ങൾ തുടങ്ങിയ മാലിന്യങ്ങൾ മഞ്ഞ കലർന്ന വെള്ള കണ്ടെയിനറുകളിലും , ഇലക്ട്രിക്, ഇലക്ട്രോണിക് മാലിന്യങ്ങൾ ബ്രൗൺ കണ്ടെയിനറുകളിലും, കാലാവധി കഴിഞ്ഞ

മരുന്നുകൾ , പെയിന്റ് പാത്രങ്ങൾ,കീടനാശിനി പാത്രങ്ങൾ, സി എഫ് എൽ ബൾബുകൾ, പൊട്ടിയ തെർമോമീറ്റർ, ഉപയോഗശൂന്യമായ ബാറ്ററികൾ തുടങ്ങിയവ ചുവപ്പ് കണ്ടെയിനറുകളിലും സൂക്ഷിക്കേണ്ടതും, ജീർണ്ണിക്കുന്ന മാലിന്യങ്ങൾ ബയോഗ്യാസ് പ്ലാന്റ്, കംമ്പോസ്റ്റ് തുടങ്ങിയ സംസ്ക്കരണ സംവിധാനം വഴി ഉത്ഭവിക്കുന്ന സ്ഥലത്ത് തന്നെ സംസ്ക്കരിക്കേണ്ടതാകുന്നു;

2. സംസ്ക്കരിക്കാൻ സാധിക്കാത്ത മാലിന്യങ്ങൾ ജൈവ മാലിന്യങ്ങൾ പച്ച നിറത്തിലുള്ള കണ്ടെയിനറുകളിലും, പ്ലാസ്റ്റിക് പേക്കിംഗ് സാധനങ്ങൾ തുടങ്ങിയവ ഇളം നീല നിറത്തിലുള്ള സംഭരണികളിലും , പ്ലാസ്റ്റിക് ബോട്ടിലുകൾ തുടങ്ങിയവ കടും നീല കണ്ടെയിനറുകളിലും , പേപ്പർ തുടങ്ങിയവ വെള്ള നിറത്തിലുള്ള കണ്ടെയിനറുകളിലും , ലോഹങ്ങൾ ചാരനിറത്തിലുള്ള കണ്ടെയിനറുകളിലും കുപ്പികൾ, കുപ്പിച്ചില്ലുകൾ,ഗ്ലാസുകൾ, തുടങ്ങിയവ മഞ്ഞനിറത്തിലുള്ള സംഭരണികളിലും , ചെരുപ്പ് , റെക്സിൻ, തെർമോകോൾ , ഫ്ളക്സുകൾ, ബേഗുകൾ തുടങ്ങിയ മാലിന്യങ്ങൾ കറുപ്പു നിറത്തിലുള്ള സംഭരണികളിലും, പഴയതുണിത്തരങ്ങൾ വസ്ത്രങ്ങൾ തുടങ്ങിയ മാലിന്യങ്ങൾ മഞ്ഞ കലർന്ന വെള്ള കണ്ടെയിനറുകളിലും , ഇലക്ട്രിക്, ഇലക്ട്രോണിക് മാലിന്യങ്ങൾ ബ്രൗൺ കണ്ടെയിനറുകളിലും, കാലാവധി കഴിഞ്ഞ മരുന്നുകൾ , പെയിന്റ് പാത്രങ്ങൾ,കീടനാശിനി പാത്രങ്ങൾ, സി എഫ് എൽ ബൾബുകൾ, പൊട്ടിയ തെർമോമീറ്റർ, ഉപയോഗശൂന്യമായ ബാറ്ററികൾ തുടങ്ങിയവ ചുവപ്പ് കണ്ടെയിനറുകളിലും നിക്ഷേപിക്കൽ, ശേഖരിച്ച് സൂക്ഷിക്കേണ്ടതാണ്. കോർപ്പറേഷൻ നിയോഗിക്കുന്ന ഹരിത കർമ്മ സേന, ഏജൻസി / ഗ്രൂപ്പ്, മാലിന്യ ശേഖകർ (വേയ്സ്റ്റ് പിക്കേർസ്), സർക്കാർ അംഗീകരിച്ച സേവന ദാതാക്കൾ എന്നിവ മുഖേന നൽകേണ്ടതുമാണ്;

3. മാലിന്യം ഉൽപ്പാദിപ്പിക്കപ്പെടുന്ന ഹോട്ടലുകൾ, മറ്റ് ഭക്ഷണശാലകൾ, ഇറച്ചികടകൾ, കല്യാണ മണ്ഡപങ്ങൾ , ഓഡിറ്റോറിയങ്ങൾ തുടങ്ങിയ വലിയ അളവിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്നവർ (ബൾക്ക് ജനറേറ്റർമാർ) ജൈവമാലിന്യങ്ങൾ ഉത്ഭവിക്കുന്ന സ്ഥലത്ത് തന്നെ സംസ്ക്കരിക്കേണ്ടതാകുന്നു;

4. നൂറോ അതിൽ കുടുതലോ ആളുകൾ പങ്കെടുക്കുന്ന ലൈസൻസ് ഇല്ലാത്ത് പൊതുസ്വകാര്യ സ്ഥലത്തെ ചടങ്ങുകൾ കോർപ്പറേഷനിൽ ഏറ്റവും ചുരുങ്ങിയത് മുന്ന് ദിവസം മുമ്പെ രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 12.കോർപ്പറേഷൻ തല ശുചിത്വാരോഗ്യ സമിതി

നിലവിലുള്ള മുനിസിപ്പൽ നിയമ പ്രകാരം ആവശ്യമുള്ള ഘട്ടങ്ങളിൽ കോർപ്പറേഷനെ സഹായിക്കുന്നതിനും, സംവിധാനങ്ങൾ പരിശോധിക്കുന്നതിനും നിരന്തരം നീരീക്ഷിക്കുന്നതിനും വേണ്ടി രൂപീകരിക്കപ്പെടുന്ന സമിതി .

**ഘടന**: മുനിസിപ്പൽ കോർപ്പറേഷൻ മേയർ - ചെയർമാൻ

ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ - വൈസ് ചെയർമാൻ

ഹെൽത്ത് ഓഫീസർ - കൺവീനർ

ഹെൽത്ത് സൂപ്പർവൈസർ - ജോ.കൺവീനർ

**അംഗങ്ങൾ**

1. എല്ലാസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ;
2. കൗൺസിലിൽ പ്രാതിനിധ്യമുള്ള എല്ലാ അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെയും, പാർട്ടി ലീഡർമാരും;
3. കോർപ്പറേഷൻ - ആരോഗ്യം - റവന്യു - എഞ്ചിനിയറിംഗ് - വെറ്റിനറി- കൃഷി വിഭാഗങ്ങളുടെ ഓഫീസർമാർ, ഓരോ വിഭാഗത്തിൽ നിന്നും 3 പേരെ വീതം ഉൾപ്പെടുത്തണം;
4. രാഷ്ട്രീയ, യുവജന തൊഴിലാളി സാംസ്ക്കാരിക സംഘടനാപ്രതിനിധികൾ (പരമാവധി 5 പേർ);
5. നടത്തിപ്പ് ചുമതലയിൽ നേരിട്ട് പങ്കാളിത്തം വഹിക്കുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികൾ (പരമാവധി 3 പേർ);
6. റസിഡൻസ് അസോസിയേഷൻ, സി ഡി എസ്, പ്രതിനിധികൾ , ഹരിത കർമ്മ സേന പ്രതിനിധികൾ (പരമാവധി 5 പേർ);
7. ഈ പ്രവർത്തനത്തെ സഹായിക്കുന്നതിന് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിന് ആവശ്യമെന്ന് തോന്നുന്ന സ്ഥാപനങ്ങളുടേയോ, മറ്റുസംഘടനകളുടെയോ പ്രതിനിധികൾ. (പരമാവധി 5 പേർ);
8. തെരുവോര കച്ചവടസംഘടനാ പ്രതിനിധികൾ , വ്യാപാര വ്യവസായി സംഘടനാ പ്രതിനിധികൾ, ഹോട്ടൽ റസ്റ്റോറന്റ് അസോസിയേഷൻ പ്രതിനിധി, സ്ക്രാപ്പ് ഡീലേർസ്, സംഘടനാ പ്രതിനിധി, ബേക്കറി അസോസിയേഷൻ പ്രതിനിധി, ചേബർ ഓഫ് കോമേർസ് സംഘടനാ പ്രതിനിധി (പരമാവധി 6 പേർ).

**<u>ചുമതലകൾ</u>**

1. നഗരമാലിന്യ പരിപാലന സംസ്ക്കരണ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ സൂക്ഷ്മാംശങ്ങൾ മനസ്സിലാക്കി നടത്തിപ്പിന് നേതൃത്വം നൽകുക;
2. ആവശ്യമായ സന്നദ്ധ പ്രവർത്തകരെ വിവിധ തലങ്ങളിലേക്ക് കണ്ടെത്തുക;
3. കോർപ്പറേഷൻ തലത്തിലും, വാർഡ് തലത്തിലുമുള്ള വിവിധ മാലിന്യ പരിപാലന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക;
4. വാർഡുതലത്തിലുള്ള മാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ അവലോകനം.

## 13.ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി തല മോണിറ്ററിംഗ് സമിതി

ചെയർമാൻ - ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

വൈസ് ചെയർമാൻ - ഹെൽത്ത് ഓഫീസർ

കൺവീനർ - ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ (ഗതാഗത വിഭാഗം)

**അംഗങ്ങൾ** - 1. എല്ലാ ആരോഗ്യ സ്ഥിരം സമിതി അംഗങ്ങൾ

2. ആരോഗ്യ വിഭാഗത്തിലെ എച്ച് ഐ/ ജെ എച്ച് ഐ മാർ

3.നഗരസഭ ശുപാർശ ചെയ്യുന്ന സംഘടനകളുടെയും, സ്ഥാപനങ്ങളുടെയും പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ, സർക്കാർ അംഗീകൃത സേവനദാതാക്കൾ, സ്റ്റേക്ക് ഹോൾഡേർസ് (പരമാവധി 5 പേർ)

4. ഹരിത കർമ്മ സേന പ്രതിനിധികൾ (പരമാവധി 2 പേർ)

**<u>ചുമതലകൾ</u>**

1. അലക്ഷ്യമായി മാലിന്യം വലിച്ചെറിയുന്നതും, കത്തിക്കുന്നതും തടയുക;
2. 2. മാലിന്യം ജൈവം, അജൈവം, അപകടകരം എന്നിങ്ങനെ മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കുകയും, സംസ്ക്കരിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുക;
3. നിരോധിത പ്ലാസ്റ്റിക് ക്യാരിബാഗുകളുടെയും, മറ്റ് ഉൽപ്പന്നങ്ങളുടെയും നിരോധനം ഉറപ്പുവരുത്തുക, ഇതിനായി സ്വീകരിക്കുന്ന നിയമനടപടികൾക്ക് നേതൃത്വം നൽകുക.
4. ഉറവിട മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുക, അതിനായി ബോധവൽക്കരണം സംഘടിപ്പിക്കുക;
5. ശാസ്ത്രീയമായ മാലിന്യസംസ്ക്കരണം ഏറ്റെടുത്ത സ്ഥാപനങ്ങളെയും, വ്യക്തികളെയും പ്രോത്സാഹിപ്പിക്കുക;
6. മാലിന്യ ശേഖരിക്കുന്നവർ (വെയ്സ്റ്റ് പിക്കേർസ്), മാലിന്യ ശേഖരണത്തിലേർപ്പെട്ടിരിക്കുന്ന സംഘങ്ങൾ , എന്നിവക്ക് അംഗീകാരം നൽകലും ആരോഗ്യ പരിരക്ഷ

ഉറപ്പുവരുത്തലും, അംഗീകാരം നൽകലും, തിരിച്ചറിയൽ കാർഡ് നൽകി എസ് എച്ച് ജി ഗ്രൂപ്പ് രൂപീകരിച്ച് മുഖ്യധാരയിലേക്ക് കൊണ്ടുവരിക;

7. തുറസ്സായ പ്രദേശങ്ങളിൽ റീ സൈക്ളിംഗിനുള്ള മാലിന്യങ്ങൾ ശേഖരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തൽ;
8. സന്നദ്ധ ശുചീകരണ വളണ്ടിയർമാരെ അംഗീകരിക്കലും അവർക്ക് പ്രവർത്തിക്കാനുള്ള സാഹചര്യമൊരുക്കലും.

## 14.കോർപ്പറേഷന്റെ ചുമതലകൾ

നഗരത്തിലെ ഖര-ദ്രവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നഗരസഭയ്ക്ക് ചുമതലയുണ്ട്.

1. പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതും സംഭരിക്കുന്നതും വേർതിരിക്കുന്നതും കൊണ്ടുപോകുന്നതും പ്രോസസ്സ് ചെയ്യുന്നതും സുരക്ഷിതമായ രീതിയിലാണെന്ന് ഉറപ്പുവരുത്തുക;
2. മേൽ പറഞ്ഞ കാര്യങ്ങൾ പരിസ്ഥിതിക്ക് കോട്ടം ഉണ്ടാക്കാത്ത തരത്തിലായിരിക്കുമെന്ന് ഉറപ്പുവരുത്തുക;
3. പ്ലാസ്റ്റിക് ഉല്പ്പാദകരെ ഉൾപ്പെടുത്തി സംഭരണസെന്ററുകൾ സ്ഥാപിക്കുക;
4. ഇപ്രകാരം സംഭരിച്ച പ്ലാസ്റ്റിക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്ന് രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പുന:ചംക്രമണം നടത്തുന്നവർക്കാണ് നൽകുന്നത് എന്ന് ഉറപ്പുവരുത്തുക;
5. മാലിന്യസംസ്ക്കരണ രംഗത്തുള്ള എല്ലാ ഘടകങ്ങളെയും അവരുടെ ഉത്തരവാദിത്വത്തെ കുറിച്ച് ബോധവൽക്കരിക്കുക;
6. പ്ലാസ്റ്റിക് മാലിന്യങ്ങൾ എടുക്കുന്നവർ (Waste pickers) ഉൾപ്പെടെയുള്ള സംഘത്തെ മാലിന്യം പരിപാലനം ചെയ്യുന്നതിന് ഉപയോഗിക്കുക;
7. പ്ലാസ്റ്റിക് മാലിന്യങ്ങൾ തുറസ്സായ സ്ഥലങ്ങളിൽ ശേഖരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക. പ്ലാസ്റ്റിക് മാലിന്യങ്ങൾ കോർപ്പറേഷൻ പരിധിയിൽ തുറസ്സായ സ്ഥലത്ത് കത്തിക്കാൻ അനുവദിക്കാതിരിക്കുക;
8. പ്ലാസ്റ്റിക് മാലിന്യം സംഭരിക്കുന്നതിനുള്ള സെന്റർ ഉണ്ടാക്കുന്നതിന് പ്ലാസ്റ്റിക് ഉൽപ്പാദകരിൽ നിന്നും സാങ്കേതിക/സാമ്പത്തിക സഹായം ഉറപ്പുവരുത്തുക;
9. പ്ലാസ്റ്റിക് പുന:ചംക്രമണം ചെയ്യുമ്പോഴുണ്ടാകുന്ന അവശിഷ്ടങ്ങൾ 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളിൽ പറയുന്ന പ്രകാരം സുരക്ഷ ചെയ്ത സാനിറ്ററി ലാൻഡ്ഫിൽ നിർമ്മാർജനം ചെയ്യുക;

10. പ്ലാസ്റ്റിക് മാലിന്യങ്ങൾ റോഡ് നിർമ്മാണത്തിനും കോഇൻസിനറേഷനും മറ്റും ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുക;
11. പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്യുന്ന സംവിധാനം IS 14534: 1998 പ്രകാരമായിരിക്കണം
12. മാലിന്യ സംസ്ക്കരണത്തിന് മതിയായ എണ്ണം ജീവനക്കാരെ നിയമിക്കുക. മാലിന്യനിക്ഷേപത്തിനുള്ള ബിന്നുകൾ, സൗകര്യപ്രദമായ സർവ്വീസ് സെന്ററുകൾ, ജൈവേതര പുനരുപയോഗസാദ്ധ്യതയുള്ള മാലിന്യങ്ങൾ തരംതിരിക്കുന്നതിനുള്ള സോർട്ടിംഗ് സെന്ററുകൾ, വാഹനങ്ങൾ, വികേന്ദ്രീകൃത സ്വഭാവമുള്ള ബായോഗ്യാസ് യൂണിറ്റുകൾ, വികേന്ദ്രീകൃത സ്വഭാവത്തിൽ പ്ലാന്റ് എന്നിവ സജ്ജീകരിക്കുകയും ഇത്തരം യൂണിറ്റുകൾ സ്ഥാപിക്കാൻ തയ്യാറുള്ള ഏജൻസികളെ, സ്ഥാപനങ്ങളെ, വ്യക്തികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;
13. മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളിൽ വൈദഗ്ദ്യമുള്ള ഏജൻസികൾ, പുനരുപയോഗ സാദ്ധ്യതയുള്ളതും പുനരാവിഷ്ക്കാരം ചെയ്ത് ഉപയോഗയോഗ്യമാക്കുവാൻ പര്യാപ്തവുമായ വസ്തുക്കൾ സ്വീകരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും അംഗീകാരമുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരെ കണ്ടെത്തി അംഗീകാരം നൽകുകയും കാലാകാലങ്ങളിൽ അവരുടെ വിവരങ്ങൾ പ്രാദേശികതലത്തിൽ ലഭ്യമാക്കൽ, അവരുടെ വിലാസം, ഫോൺ നമ്പറുകൾ എന്നിവ പ്രസിദ്ധീകരിക്കൽ;
14. മാലിന്യ സംഭരണ വാഹനങ്ങളുടെ യാത്രാചാർട്ടുകൾ, മാലിന്യം ഓരോ സ്ഥലത്തുനിന്നും ശേഖരിക്കുന്ന സമയം, മാലിന്യത്തിന്റെ തരം, അളവ്, ശേഖരിക്കുന്ന സ്ഥലം - ഗാർഹികം - വാണിജ്യം - വാണിജ്യേതരം, മാലിന്യങ്ങൾ അവിടേയ്ക്ക് എത്തിക്കേണ്ട ഉപസംവിധാനങ്ങളുടെ വിന്യാസം എന്നിവ നിശ്ചയിക്കുകയും ജി പി എസ് കൺട്രോളിന് വിധേയമായി കാലാകാലങ്ങളിൽ അവ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക;
15. ആഴ്ചതോറും എത്രമാത്രം മാലിന്യങ്ങൾ സംഭരിക്കപ്പെടുന്നു അവ ഏതെല്ലാം മാർഗ്ഗങ്ങളിൽ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്നതിനെക്കുറിച്ചും, നിയമങ്ങൾ അനുസരിക്കാത്തതിനാൽ ആർക്കെല്ലാം പിഴ ഈടാക്കുവാനുള്ള ഉത്തരവുകൾ നൽകി എന്നതിനെക്കുറിച്ചുമുള്ള വിവരങ്ങൾ നഗരസഭ വെബ്സൈറ്റിലൂടെയും (WWW.kozhikodecorporation.org.in) കോർപ്പറേഷൻ നോട്ടീസ് ബോർഡുകളിലൂടെയും, പത്ര, ദ്രശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക;

16. കോർപ്പറേഷന്റെ വിവിധ ഭാഗങ്ങളിൽ പൊതുമൂത്രപുരകളും, കക്കൂസുകളും, ശൗചാലയങ്ങളും, വാഷ്ബേസിനുകളും നിർമ്മിച്ചും സ്ഥാപിച്ചും പൊതുജന ഉപയോഗത്തിനായി സൗകര്യപ്പെടുത്തുന്നതാണ്;
17. ശാസ്ത്രീയ സംവിധാനങ്ങൾ വഴി ജൈവ മാലിന്യങ്ങളിൽ നിന്നും ജൈവ വളം സംസ്ക്കരിച്ചെടുക്കുന്ന സ്വകാര്യ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും പിന്തുണക്കുകയും ചെയ്യുക;
18. തരംതിരിച്ച് വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൂക്ഷിക്കുന്നമാലിന്യങ്ങൾ റസിഡന്റ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധസേവകർ, തൊഴിലാളികൾ ഹരിത കർമ്മസേന, ഗ്രീൻ ടെക്നീഷ്യൻ എന്നിവരുടെ സഹായത്തോടെ തരംതിരിച്ച് തന്നെ ശേഖരിക്കുകയും, അംഗീകൃതമാലിന്യ സംസ്ക്കരണ കേന്ദ്രങ്ങളിൽ എത്തിക്കുകയും ചെയ്യൽ;
19. വലിയ പാർപ്പിട സമുച്ചയങ്ങൾ , വില്ലകൾ, അപ്പാർട്ട്മെന്റുകൾ ഒഴികെയുള്ള പാർപ്പിട മേഖലകൾ, മാലിന്യസംഭരണ കേന്ദ്രങ്ങൾ, അജൈവമാലിന്യങ്ങൾ തരം തിരിക്കുന്നതിന് ഏർപ്പെടുത്തുന്ന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വേണ്ട പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തൽ;
20. ഖരമാലിന്യശേഖരണം, ദ്രവമാലിന്യ സംസ്ക്കരണം എന്നിവയുമായി ബന്ധപ്പെട്ടതും, വ്യക്തി, സ്ഥാപനം, സംഘടന എന്നീ നിലകളിൽ ഉള്ളവരിൽ നിന്നും കോർപ്പറേഷനോ, കോർപ്പറേഷൻ ചുമതലപ്പെടുത്തുന്ന ഏജൻസികളോ സ്വീകരിക്കേണ്ട സേവനസംബന്ധിയായ ഫീസിന്റെ നിരക്കുകൾ കാലാകാലങ്ങളിൽ നിശ്ചയിക്കൽ;
21. കോർപ്പറേഷൻ നിശ്ചയിക്കുന്ന ദിവസങ്ങളിലും സമയത്തും മാലിന്യസംഭരണവും, നിർമ്മാർജ്ജനവും നടത്തുന്നതിന് സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ഉള്ളവർക്ക് വ്യക്തമായ അറിവ് നൽകുംവിധം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ, അതിനായി നഗരസഭ വെബ്സൈറ്റിൽ ഇൻഫോ-ലൈൻ ആരംഭിക്കുകയും അതിലൂടെ കൃത്യമായ വിവരങ്ങൾ മാദ്ധ്യമങ്ങൾക്കും, ജനങ്ങൾക്കും എത്തിക്കുകയും ചെയ്യൽ;
22. ഓരോ വാർഡിലും ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അതാത് സമയത്തെ പ്രശ്നങ്ങളെ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങളിൽ എത്തിച്ചേരുന്നതിനും താല്പര്യമുള്ളവരെ ഉൾപ്പെടുത്തി വാർഡ്തല ആരോഗ്യ, ശുചിത്വ പോഷണ കമ്മിറ്റി രൂപീകരിക്കുന്നതിനും ആയത് വർഷം തോറും പുന:സംഘടിപ്പിക്കുന്നതിനും, വാർഡ് കൗൺസിലറുടെ നേതൃത്വത്തിൽ അവ പ്രവർത്തിക്കുന്നതിനും മാർഗ്ഗരേഖ തയ്യാറാക്കലും, നിർദ്ദേശങ്ങൾ നൽകലും;

23. സേവനങ്ങൾ, സാമഗ്രികൾ എന്നിവയ്ക്കായുള്ള ടെണ്ടറുകൾ ക്ഷണിക്കൽ ഖരദ്രവ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട സേവനങ്ങൾ, സാമഗ്രികൾ, എന്നിവയ്ക്കായി പരസ്യം ചെയ്യൽ, സ്ഥലമോ സൗകര്യമോ ഇക്കാര്യത്തിനായി ലീസ് വ്യവസ്ഥയിൽ പരസ്യം ചെയ്ത് നൽകൽ, ടെണ്ടറുകൾ ക്ഷണിക്കൽ തുടങ്ങിയവയെല്ലാം കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിലും ഉത്തരവാദിത്വത്തിലും ആയിരിക്കും;

24. പരിശോധനകൾ - കോർപ്പറേഷൻ അനുശാസിക്കുന്ന രീതിയിലാണ് ഖരമാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് ഉറപ്പുവരുത്തുവാൻ ഏതു സ്ഥലവും സ്ഥാപനവും പരിശോധിക്കുവാനും, നിയമലംഘനം നടക്കുമ്പോൾ പിഴ ഈടാക്കുവാനും സാധാരണ സാഹചര്യത്തിൽ അതാതു വാർഡുകളുടെ ചുമതല വഹിക്കുന്ന ഹെൽത്ത് ഇൻസ്പെക്ടർക്കും, ഹെൽത്ത് ഉദ്യോഗസ്ഥർക്കും അധികാരം ഉണ്ടായിരിക്കുന്നതും പ്രത്യേക സാഹചര്യത്തിൽ കോർപ്പറേഷൻ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഏതൊരു കോർപ്പറേഷൻ ഉദ്യോഗസ്ഥനും ആ അധികാരം വിനിയോഗിക്കാവുന്നതുമാണ്;

25. പ്രഖ്യാപിത വാർഷിക ലക്ഷ്യങ്ങൾ - പ്രഖ്യാപിത വാർഷിക ലക്ഷ്യങ്ങൾ കോർപ്പറേഷൻ നിശ്ചയിച്ച് വർഷംതോറും പ്രസിദ്ധപ്പെടുത്തുന്നതും ആയതനുസരിച്ച് ശുചീകരണ പ്ലാസ്റ്റിക് ഖര-ദ്രവ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ അനുസരിച്ച് സദാ നീരീക്ഷിക്കുന്നതും, ലക്ഷ്യം കൈവരിക്കാൻ ശ്രമിക്കുന്നതുമാണ്;

26. സുതാര്യതയും സാമൂഹിക പ്രതിബദ്ധതയും - നഗരസഭയുടെ ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് എത്തിച്ചുകൊടുക്കേണ്ട അടിസ്ഥാന വിവരങ്ങൾ കോർപ്പറേഷന്റെ WWW.kozhikodecorporation.org.in വെബ്സൈറ്റിൽ ലഭ്യമായിരിക്കുന്നതും അത് പുതുക്കുവാനുള്ള (update) ഉത്തരവാദിത്വം നഗരസഭ സെക്രട്ടറി, ഇതിനായി പ്രത്യേകം ചുമതലപ്പെടുത്തിയ ഹെൽത്ത് വിഭാഗത്തിലെ ഉദ്യോഗസ്ഥൻ എന്നിവരിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്;

27. സർക്കാർ -സർക്കാർ ഇതര സ്ഥാപനങ്ങളുമായുള്ള സഹകരണം കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ഈ വിജ്ഞാപന പ്രകാരം നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ നടത്തിപ്പിനും വിജയത്തിനുമായി, കേന്ദ്ര-സംസ്ഥാന സർക്കാരുകളേയും സർക്കാർ-അർദ്ധ സർക്കാർ -സർക്കാരിതര ഏജൻസികളേയും ബന്ധപ്പെടുത്തുന്നതിനുള്ള സ്വാതന്ത്ര്യവും, അവകാശവും കോർപ്പറേഷന് ഉണ്ടായിരിക്കുന്നതാണ്;

28. വഴിവാണിഭക്കാർ, കാൽനടകച്ചവടക്കാർ എന്നിവർക്കുള്ള നിബന്ധനകൾ - ഗാർഹിക മാലിന്യ സംഭരണ മാതൃകയിൽ തന്നെ കച്ചവട സ്ഥലങ്ങളിലും കേന്ദ്രങ്ങളിലും മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുകയും അതിനുശേഷം നഗരസഭാ ജീവനക്കാർക്ക്/നിയുക്ത ഏജൻസിക്ക് അത് കൈമാറുകയും ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്;

29. വളർത്തു മൃഗങ്ങളുടെ വിസർജ്ജ്യങ്ങൾ, അവയെ കുളിപ്പിക്കുകയും, അവയുടെ വാസസ്ഥലങ്ങൾ വൃത്തിയാക്കുകയും ചെയ്യുമ്പോഴുണ്ടാകുന്ന മലിനജലം, മാലിന്യം എന്നിവ പൊതുനിരത്തിലേയ്ക്കും, ഓവുചാലിലേക്കും മറ്റും ഒഴുക്കുന്നത് ശിക്ഷാർഹമാണ്;

30. വളർത്തുമൃഗങ്ങളെ ആരോഗ്യകരമായ ചുറ്റുപാടിലും , മറ്റുള്ളവർക്ക് ശല്യ മുണ്ടാകാത്ത രീതിയിലും ഉടമ സ്വന്തം സ്ഥലത്ത് തന്നെ സംരക്ഷിക്കേണ്ടതാണ്;

31. വളർത്തുമൃഗങ്ങൾ അലഞ്ഞുതിരിഞ്ഞ് നടക്കുന്നത് കണ്ടാൽ അതിനെതിരെ നടപടി സ്വീകരിക്കുന്നതിന് കോർപ്പറേഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്;

32. ചില വസ്തുക്കളുടെ ഉപയോഗം നിയമംമൂലം നിരോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യൽ , പരിസ്ഥിതിക്കും, പൊതുജനാരോഗ്യത്തിനും, പൊതുനന്മയ്ക്കും ഉപദ്രവവും ശല്യവുമായി ബോദ്ധ്യപ്പെടുന്ന വസ്തുക്കളുടെ ഉപയോഗം കോർപ്പറേഷൻ പരിധിക്കുള്ളിൽ നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യാൻ കോർപ്പറേഷന് അധികാരമുണ്ട്. സർക്കാർ നിയന്ത്രണം ബാധകമായുള്ള പ്ലാസ്റ്റിക്ക് ഉൾപ്പന്നങ്ങൾക്ക് പുറമേ തെർമോകോൾ പ്ലെയിറ്റുകൾ, തെർമോകോൾ കപ്പുകൾ, അലങ്കാരത്തിന് ഉപയോഗിക്കുന്ന തെർമോകോൾ അലങ്കാര വസ്തുക്കൾ, പ്ലാസ്റ്റിക് വസ്തുക്കൾ, പ്ലാസ്റ്റിക് കപ്പുകൾ, സ്ട്രോകൾ, പ്ലെയ്റ്റുകൾ പ്ലാസ്റ്റിക് ആവരണം ചെയ്ത പ്ലേറ്റുകൾ, പ്ലാസ്റ്റിക്/മെഴുക് എന്നിവ ഉപയോഗിച്ച് ആവരണം ചെയ്ത പേപ്പർ ഇലകൾ,പേപ്പർ കപ്പുകൾ, സാക്ഷെകൾ, പ്ലാസ്റ്റിക് ടെംപ്ളർ, പ്ലാസ്റ്റിക് ആവരണം ചെയത ക്യാരി ബാഗുകൾ, ഫ്ളക്സ്സുകൾ, ബാനറുകൾ, ഫ്ളക്സ് കൊണ്ട് നിർമ്മിച്ച മറ്റ് ഉൽപ്പന്നങ്ങൾ , ഡൈനിംഗ് ടേബിളിൽ വിരിക്കുന്ന പ്ലാസ്റ്റിക് ആവരണം ചെയ്ത പേപ്പറുകൾ , പ്ലാസ്റ്റിക് ഷീറ്റുകൾ , ഫ്ളക്സുകൊണ്ട് നിർമ്മിച്ച മറ്റ് ഉൽപ്പന്നങ്ങൾ പ്ലാസ്റ്റിക് ഐസ്ക്രീം കപ്പുകൾ എന്നിവ നഗരപരിധിക്കുള്ളിൽ ഉപയോഗിക്കുന്നതും, പ്ലാസ്റ്റിക് കിറ്റുകളിൽ പൊതിഞ്ഞ് മാലിന്യം വലിച്ചെറിയുന്നതും ഇതിനാൽ ശിക്ഷാർഹമായി പ്രഖ്യാപിക്കുന്നു;

33. നഗരസഭ നിയോഗിക്കുന്ന അംഗീകൃത ഏജൻസിക്ക് / ഹരിത കർമ്മ സേനക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ മാലിന്യശേഖരണ - പ്രതിമാസ ഫീസ് (User fee)- വേർതിരിച്ച് മാലിന്യം ശേഖരിക്കുന്നതിന് പ്രതിമാസം നഗരസഭയിൽ ഒടുക്കേണ്ട തുക അനുബന്ധം - IV, V , VI, VII പ്രത്യേകം വ്യവസ്ഥ ചെയ്യുന്നു. അനുബന്ധം- IV, V , VI, VII പ്രത്യേകമായി വ്യവസ്ഥ ചെയ്യാത്ത ഖരമാലിന്യ ശേഖരണത്തിന് അതാത് സമയം കോർപ്പറേഷൻ സെക്രട്ടറി തീരുമാനിക്കുന്ന ഫീസ് ഈടാക്കിക്കൊണ്ട് മാലിന്യ ശേഖരണത്തിന് വ്യവസ്ഥ ചെയ്യുന്നു;
34. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാതാക്കൾ, വിതരണക്കാർ, സംരംഭകർ എന്നിവരെക്കൊണ്ട് ഉൽപ്പന്നങ്ങളുടെ ഉപയോഗഅവസാനം ആയവ ശേഖരിക്കുന്നതിനും സുരക്ഷിതമായി സൂക്ഷിക്കുന്നതിനും കേന്ദ്രങ്ങൾ സജ്ജീകരിക്കൽ;
35. ഡയപ്പറുകൾ, സാനിറ്ററി നാപ്കിൻസ് എന്നീ ഉൽപ്പന്നങ്ങളുടെ ഉപയോഗ അവസാനം ആവയ ശേഖരിക്കുന്നതിനും, സുരക്ഷിതമായി സംസ്ക്കരിക്കുന്നതിനുമായി ആയതിന്റെ നിർമ്മതാക്കളെയും, വിതരണക്കാരെയും, സംരംഭകരെയും കൊണ്ട് സംവിധാനങ്ങൾ ഉണ്ടാക്കൽ;
36. കോഴി മാലിന്യങ്ങൾ അറക്കുന്ന സമയത്ത് തന്നെ ശീതീകരിച്ച സംഭരണിയിൽ സൂക്ഷിച്ച് കോർപ്പറേഷൻ അംഗീകരിച്ച കോഴി മാലിന്യ റെണ്ടറിംഗ് സ്ഥാപനങ്ങൾക്ക് നൽകുന്നുവെന്ന് ഉറപ്പുവരുത്തൽ;
37. മാലിന്യങ്ങൾ അനുയോജ്യമല്ലാത്ത രീതീയിൽ (നിയമാനുസരണമല്ലാത്ത രീതിയിൽ കൈകാര്യം ചെയ്യുക) കൈവശം വെക്കുക, പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുക, സ്വകാര്യസ്ഥലങ്ങളിൽ അനധികൃമായി നിക്ഷേപിക്കുക. ജലാശയങ്ങൾ പുഴകൾ, തോടുകൾ, മഴവെള്ളം ഒഴുകി പോവുന്ന ഓവുചാലുകൾ എന്നിവിടങ്ങളിൽ നിക്ഷേപിക്കുക. റബർ , പ്ലാസ്റ്റിക് മാലിന്യങ്ങൾ പൊതു സ്വകാര്യ സ്ഥലങ്ങളിൽ കത്തിക്കുക എന്നീ നിയമനലംഘനങ്ങളെ കുറിച്ച് കോർപ്പറേഷന് വിവരം നൽകുന്ന വ്യക്തികൾക്ക്,സ്ഥാപനങ്ങൾക്ക്, സംഘടനകൾക്ക് പിഴയുടെ 15 ശതമാനം പാരിതോഷികമായി നൽകുക. കുറിപ്പ് കോർപ്പറേഷൻ ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, കോർപ്പറേഷൻ ഉദ്യോഗസ്ഥർ, ജീവനക്കാർ ഇതിനായി നിയോഗിക്കപ്പെട്ട മറ്റുള്ളവർ എന്നിവർക്ക് ബാധകമല്ല;
38. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ തൊഴിലാളികളെയും, ആരോഗ്യശുചിത്വ പ്രവർത്തികളുമായി സംയോജിപ്പിച്ച് തൊഴിൽ ബഡ്ജറ്റ് തയ്യാറാക്കി ജില്ലാ പ്ലാനിംഗ് കമ്മറ്റിയുടെ അംഗീകാരം വാങ്ങിക്കുക;
39. ഹരിത പെരുമാറ്റ ചട്ടം (ഗ്രീൻ പ്രോട്ടോകോൾ) നടപ്പിലാക്കൽ;

40. നക്ഷത്ര പദവി നൽകൽ ആനുകൂല്യത്തിന് നിദാനമായ ഘടകങ്ങൾ :

(1) ഗാർഗിക , ഗാർഹികേതര കെട്ടിടങ്ങളിൽ താഴെ പറയുന്ന സംവിധാനങ്ങൾ സ്ഥാപിച്ച് വർഷത്തിൽ ഉടനീളം പ്രവർത്തന ക്ഷമമായി പരിപാലിക്കുക;

(2) വിവിധ തരത്തിലുള്ള ഉറവിട മാലിന്യ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിച്ച് വീട്ടിൽ / സ്ഥാപനത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ പൂർണ്ണമായും പ്രസ്തുത യൂണിറ്റ് വഴി ശാസ്ത്രീയമായ സംസ്ക്കരിക്കുക. ഇതിന്റെ ഭാഗമായി ഇവിടെ ഉൽപ്പാദിപ്പിക്കുന്ന യാതൊരു മാലിന്യവും പുറത്തേക്ക് / കോർപ്പറേഷന്റെ പൊതു സംവിധാനത്തിലേക്ക് തള്ളാതിരിക്കുക. ഉടമസ്ഥർ താഴെ പറയുന്ന കപ്പാസിറ്റിയുള്ള പ്ലാന്റുകൾ എങ്കിലും സ്ഥാപിച്ചാൽ മാത്രമെ ആനൂകൂല്യം ലഭിക്കാൻ അർഹതയുള്ളു;

| | | |
|---|---|---|
| 1 | 100 ചതുരശ്ര മീറ്ററിന് താഴെ വിസ്തീർണ്ണമുള്ള ഭവനങ്ങൾ | അര ടൺ കപ്പാസിറ്റിയുള്ള 1/2 എംക്യൂബ് ബയോഗ്യാസ് പ്ലാന്റുകൾ / പൈപ്പ് കംബോസ്റ്റ് / പിറ്റ് കംബോസ്റ്റ് |
| | 50 ചതുരശ്ര മീറ്ററിന് താഴെ വിസ്ത്രീർണ്ണമുള്ള ഗാർഹികേതര കെട്ടിടങ്ങൾ | |
| 2 | 100 ചതുരശ്ര മീറ്ററിനും 250 ചതുരശ്ര മീറ്ററിനും വരെ വിസ്തീർണ്ണ മുള്ള ഭവനങ്ങൾ | ഒരു എംക്യൂബ് കപ്പാസിറ്റിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ |
| | 50 ചതുരശ്ര മീറ്ററിനും 200 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള ഗാർഹികേതര കെട്ടിടങ്ങൾ | |
| 3 | 250 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണ മുള്ള ഭവനങ്ങൾ | രണ്ട് എംക്യൂബ് കപ്പാസിറ്റിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ |
| | 200 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ഗാർഹികേതര കെട്ടിടങ്ങൾ | |

(3) ഖര ദ്രവ മാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തി ഉറവിടത്തിൽ തന്നെ മാലിന്യം സംസ്ക്കരിക്കുന്ന കോർപ്പറേഷൻ പരിധിയിലെ എല്ലാതരം കെട്ടിടങ്ങൾക്കും സ്ഥാപനങ്ങൾക്കും നക്ഷത്രപദവിയിൽ പ്രത്യേക ആനുകൂല്യവും നൽകുന്നതാണ്;

(4) ഖരമാലിന്യ സംസ്ക്കരണം ശാസ്ത്രീയ മലീനജലസംസ്ക്കരണ സംവിധാനം , മഴവെള്ള സംഭരണി എന്നിവ ശാസ്ത്രീയമായി സ്ഥാപിച്ച് പരിപാലിക്കുന്ന സ്ഥാപനങ്ങൾക്കാണ്/ കെട്ടിടങ്ങൾക്കാണ് നക്ഷത്രപദവിയും പ്രിവിലേജ് കാർഡും നൽകുന്നതാണ്.

(5) നക്ഷത്ര പദവി ( 3 സ്റ്റാർ) യും പ്രിവിലേജ് കാർഡും

ക്രമനം 40 (1) സൂചിപ്പിച്ചിട്ടുള്ള 3 ഘടകങ്ങളും സ്ഥാപിച്ച് പരിപാലിക്കുന്നവർക്ക്; താഴെ പറയുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും ലഭിക്കുന്നതാണ്;

എ) കെട്ടിട നികുതിയിൽ പരമാവധി 10 % ഇളവ് അനുവദിക്കുന്നു;

ബി) നഗരസഭയുടെ ചിഹ്നവും 3 നക്ഷത്രവും പതിപ്പിച്ച പ്രത്യേക ബോർഡ് , കെട്ടിടത്തിൽ പതിപ്പിക്കുന്നു;

സി) നഗരസഭയിൽ നിന്നും നൽകുന്ന സേവനങ്ങൾ നിശ്ചിത സമയ പരിധിയുടെ 25 % സമയത്തിനകത്ത് നൽകുന്നു;

ഡി) കെട്ടിട ഉടമക്ക് ആദരസൂചകമായി പച്ചനിറമുള്ള പ്രത്യേക അവകാശ കാർഡ് (പ്രിവിലേജ് കാർഡ്) നൽകുന്നു.

(6) നക്ഷത്ര പദവി (2 സ്റ്റാർ)യും പ്രിവിലേജ് കാർഡും

നിയമാവലി 14 (40) സൂചിപ്പിച്ചിട്ടുള്ള ആദ്യ രണ്ട് ഘടകങ്ങളും സ്ഥാപിച്ച് പരിപാലിക്കുന്നവർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും ലഭിക്കുന്നതാണ്;

എ) കെട്ടിട നികുതിയിൽ 5% ഇളവ് അനുവദിക്കുന്നു;

ബി) നഗരസഭയിൽ നിന്നും ലഭിക്കുന്ന വിവിധ സേവനങ്ങൾ നിശ്ചിത സമയപരിധിയുടെ 50 % സമയത്തിനകം ലഭിക്കുന്നതാണ്;

സി) കെട്ടിട ഉടമക്ക് ആദരസൂചകമായി നീല നിറമുള്ള പ്രത്യേക അവകാശ കാർഡ് (പ്രിവിലേജ് കാർഡ് ) നൽകുന്നു.

(7) നക്ഷത്ര പദവി (1 സ്റ്റാർ ) പ്രിവിലേജ് കാർഡും

നിയമാവലി 14 (40) സൂചിപ്പിച്ചിട്ടുള്ള ആദ്യ (ഒരു ഘടകം ) സ്ഥാപിക്കുന്നവർക്ക് ചുവടെ സൂചിപ്പിക്കുന്ന ആനുകൂല്യം നൽകുന്നു;

എ) കെട്ടിട നികുതിയിൽ 3% ഇളവ് അനുവദിക്കുന്നു;

ബി) നഗരസഭയിൽ നിന്നും ലഭിക്കുന്ന വിവിധ സേവനങ്ങൾ നിശ്ചിത സമയപരിധിയുടെ 75 % സമയത്തിനകം ലഭിക്കുന്നതാണ്;

സി) കെട്ടിട ഉടമക്ക് ആദരസൂചകമായി വെള്ളനിറമുള്ള പ്രത്യേക അവകാശ കാർഡ് (പ്രിവിലേജ് കാർഡ് ) നൽകുന്നു.

41 . ആനുകൂല്യത്തിന് അർഹരായവർ

1. നിയമാവലി 14(40) ൽ പ്രതിപാദിക്കുന്ന ഘടകങ്ങൾ സ്ഥാപിച്ചിട്ടുളളവർ;
2. നഗരസഭയുടെ വസ്തു നികുതി അസ്സസ്മെന്റ് രജിസ്റ്ററിൽ ഉളള നികുതിദായകർ;
3. കെട്ടിടം വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും ഉടമസ്ഥൻ അവകാശം ഉന്നയിക്കാവുന്നതാണ്;
4. വാടക കെട്ടിടങ്ങളിൽ കെട്ടിട ഉടമയുടെ അനുമതിയോട് കൂടി വാടകക്കാരനും അവകാശമുന്നയിക്കാവുന്നതാണ്;
5. അനധികൃത കെട്ടിടങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നതല്ല.

42.ആനുകൂലത്തിന്റെ കാലാവധി

1. കെട്ടിട നികുതി ഇളവ് പ്രസ്തുത വർഷം ലഭിക്കുന്നതായിരിക്കും;
2. പ്രവിലേജ് കാർഡിന് അടുത്ത സാമ്പത്തിക വർഷത്തിൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്;
3. സേവനങ്ങൾക്കുളള കുറഞ്ഞ സമയപരിധി എന്ന അനുകൂല്യം പ്രവിലേജ് കാർഡിന് സമമായിരിക്കുന്നതാണ്;
4. 3 നക്ഷത്ര പദവി ലഭിക്കുന്നവരുടെ കെട്ടിടത്തിൽ പതിപ്പിക്കുന്ന ബോർഡിന് പ്രിവിലേജ് കാർഡിന് സമമായ കാലാവധി ഉണ്ടായിരിക്കുന്നതും, പ്രസ്തുത കാലാവധി കഴിയുന്ന മുറയ്ക്ക് ഉടമസ്ഥൻ ബോർഡ് നഗരസഭയ്ക്ക് തിരികെ നൽകേണ്ടതുമാണ്.

43. ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കേണ്ട നടപടി ക്രമം

കെട്ടിട ഉടമസ്ഥൻ / നികുതി ദായകൻ നിയമാവലി 14 (40) ൽ സൂചിപ്പിച്ചിട്ടുള്ള ഘടകങ്ങൾ / ഘടകം സ്ഥാപിച്ചുളള പക്ഷം, ആയത് ഇതിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. ഫാറം 1 ൽ പൂരിപ്പിച്ച് കോർപ്പറേഷനിൽ സാമ്പത്തിക വര്ഷത്തിന്റെ ആദ്യ രണ്ട് മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറം കോർപ്പറേഷനിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്. (അനുബന്ധം XI) കാണുക);

1. രണ്ട് മാസത്തിനുളളിൽ സമർപ്പിക്കാത്ത അപേക്ഷകർക്ക് പ്രസ്തുത വർഷത്തെ ആനൂകൂല്യം ലഭിക്കുന്നതല്ല. രണ്ട് മാസം കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ , നഗരസഭ അടുത്ത അർദ്ധ വർഷത്തേക്ക് പരിഗണിക്കുന്നതാണ്;
2. ഒരിക്കൽ ആനുകൂല്യം കിട്ടിയ വ്യക്തി അടുത്ത വർഷത്തിലെ ആദ്യ രണ്ട് മാസത്തിനകം വീണ്ടും അപേക്ഷ (അനുബന്ധം തക) സമർപ്പിക്കേണ്ടതാണ്;
3. ഒരിക്കൽ ആനുകൂല്യം കിട്ടി അടുത്ത വർഷത്തിൽ അപേക്ഷ സമർപ്പിക്കാത്ത പക്ഷം തുടർന്നുള്ള സമയങ്ങളിൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല;
4. ഒരിക്കൽ ആനുകൂല്യം കിട്ടി അടുത്ത വർഷത്തിൽ ആനുകൂല്യം പുതുക്കാൻ അപേക്ഷ സമർപ്പിക്കാൻ പരാജയപ്പെട്ടാലും വീണ്ടും അപേക്ഷ സമർപ്പിക്കാവുന്നതും ആയത് പുതിയ അപേക്ഷയായി പരിഗണിക്കുന്നതുമാണ്;
5. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആയത് റവന്യൂ സെക്ഷനിൽ ഇതിനായി പ്രത്യേകം സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതും, ഒരു കോപ്പി കോർപ്പറേഷൻ ആരോഗ്യ വിഭാഗത്തിലേക്കും, ഒരു കോപ്പി കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗത്തിലേക്കും പരിശോധനക്കായി നൽകുന്നതാണ്;

6. ആദ്യത്തെ  പ്രാവശ്യം അപേക്ഷ നൽകുമ്പോൾ പ്രാഥമിക പരിശോദന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ 30 ദിവസത്തിനകം നടത്തി റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് തലവന്റെ ശുപാർശയോടു കൂടി റവന്യൂ വിഭാഗത്തിന് നൽകേണ്ടതാണ്;

7. രണ്ടാമതായോ, തുടർന്ന് നൽകുന്ന  അപേക്ഷകളിൽ പ്രാഥമിക പരിശോധന ആവശ്യമില്ലാത്തതാകുന്നു;

8. എല്ലാ തരം അപേക്ഷയിലും, സാമ്പത്തിക വർഷത്തിന്റെ അവസാന മാസം, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിശദമായ പരിശോധന നടത്തേണ്ടതാണ്. ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മറ്റ് വകുപ്പുകളുടെ സഹകരണം (ശുചിത്വ മിഷൻ തുടങ്ങിയവ തേടാവുന്നതാണ്);

9. പരിശോധന നടത്തുമ്പോൾ പ്രസ്തുത ഘടകം പ്രവർത്തിക്കുന്നുണ്ടോ എന്നും, ആയത് നല്ല രീതിയിൽ പരിപാലിക്കുന്നുണ്ടോ എന്നും , എത്രത്തോളം അളവിൽ മാലിന്യം, സംസ്ക്കരിക്കുന്നു എന്നിവ പരിശോധിച്ച് (അനുബന്ധം -XII ) ൽ വകുപ്പ് തലവൻമാരുടെ ശുപാർശയോടുകൂടി സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 10 ദിവസത്തിന് മുമ്പായി റവന്യൂ സെക്ഷന് നൽകേണ്ടതുമാണ്;

10. ബന്ധപ്പെട്ട റിപ്പോർട്ട് റവന്യൂ സെക്ഷന് ലഭിച്ച് കഴിഞ്ഞാൽ അർഹതയുള്ള ആനുകൂല്യത്തിനായി അടിയന്തിരമായി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും, സെക്രട്ടറി പരിശോധിച്ച് ആനുകൂല്യം നൽകി ഉത്തരവാകേണ്ടതുമാണ്;

11. ആനുകൂല്യത്തിന് അർഹതയില്ലാത്ത പക്ഷം കാരണ സഹിതം റവന്യൂ സെക്ഷൻ റിപ്പോർട്ട് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും, ആയതിൽ സെക്രട്ടറി അന്തിമ തീരുമാനമെടുക്കേണ്ടതും ഉടമസ്ഥനെ ടി വിവരം അിറയിക്കേണ്ടതുമാണ്;

12. ആനുകൂല്യം നൽകാൻ തീരുമാനമെടുക്കുന്ന പക്ഷം പ്രസ്തുത സാമ്പത്തിക വർഷം തന്നെ നികുതി ഇളവ് അനുവദിച്ച് ബന്ധപ്പെട്ട രജ്സ്ട്രറിൽ രേഖപ്പെടുത്തേണ്ടതും (അനുബന്ധം XIII  കാണുക). ടി അപേക്ഷകനെ വിവരം അറിയിക്കേണ്ടതുമാണ്;

13. നികുതി ഇളവ് കൂടാതെയുള്ള മറ്റ് ആനുകൂല്യങ്ങൾ (പ്രിവിലേജ് കാർഡ്/ബോർഡ് പതിപ്പിക്കൽ) എന്നിവ അടുത്ത വർഷത്തിന്റെ ആദ്യ വാരത്തിൽ നൽകേണ്ടതും സ്ഥാപിക്കേണ്ടതുമാണ്. (അനുബന്ധം XIV  കാണുക);

14. ഓരോ വർഷവും ഇത്തരത്തിൽ അർഹത ലഭിക്കുന്നവരുടെ പേര് വിവരം, നൽകിയ ആനുകൂല്യം എന്നിവ അടുത്ത വർഷത്തിൽ കൂടുന്ന ആദ്യ കൗൺസിൽ യോഗത്തിൽ ധനകാര്യ സമിതിയുടെ അംഗീകാരത്തോടെ സമർപ്പിക്കേണ്ടതാണ്. ആയത് കോർപ്പറേനിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്;

15. ആനുകൂല്യം ലഭിക്കുന്നവരുടെ പേര് വിവരം പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്;

16. പ്രത്യേക അവകാശ കാർഡ് മൂന്ന് വിഭാഗക്കാർക്കും വ്യത്യസ്തമായിരിക്കുന്നതും കോർപ്പറേഷൻ ഏതെങ്കിലും സേവനത്തിനായി അപേക്ഷ നൽകുമ്പോൾ പ്രിവിലേജ് കാർഡിലെ നമ്പറും രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം അപേക്ഷകന സേവനം ലഭിക്കുന്നതിൽ മുൻഗണന ലഭിക്കില്ല;

17. പദ്ധതിയുടെ നോഡൽ വകുപ്പായി റവന്യൂ സെക്ഷൻ പ്രവർത്തിക്കുന്നതാണ്.

**15. പിഴകളും ഇതരശിക്ഷകളും.-**

1. ഈ നിയമാവലിയിൽ പറയുന്ന വ്യവസ്ഥകൾ ലംഘിക്കുന്ന ഓരോ കുറ്റത്തിനും 500 രൂപയോളം വരാവുന്ന പിഴയും ലംഘനം തുടരുന്ന സംഗതികളിൽ ആദ്യത്തെ ലംഘനത്തിനുള്ള കുറ്റ സമ്മതത്തിന് ശേഷം ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും 50 രൂപ വരാവുന്ന പിഴയും ചുമത്തുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. നിയമ ലംഘനം തുടരരുതെന്ന് സെക്രട്ടറിയിൽ നിന്ന് നോട്ടീസ് ലഭിച്ചതിനു ശേഷം അങ്ങനെയുള്ള ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും 50 രൂപയോളം വരാവുന്ന പിഴയും ചുമത്തുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്;
2. സെക്രട്ടറിയോ, സെക്രട്ടറിനിയോഗിക്കുന്ന ഉദ്യോഗസ്ഥനോ നിയമാവലി.യുടെ ലംഘനത്തിൻമേൽ പിഴ ഈടാക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്;
3. സെക്രട്ടറിയോ, സെക്രട്ടറി നിയോഗിക്കുന്ന ഉദ്യോഗസ്ഥനോ നിയമാവലി പ്രകാരം സ്വീകരിക്കുന്ന നടപടിയിൻമേലുള്ള അപ്പീൽ കൗൺസിൽ മുമ്പാകെ സമർപ്പിക്കാവുന്നതാണ്;

**16.നിരക്കുകൾ പുതുക്കുന്നതിനുള്ള അധികാരം.-**

1. അനുബന്ധം IV, V , VI, VII, ലെയും നിരക്കുകൾ കോർപ്പറേഷൻ കൗൺസിലിന് ഒരു പ്രമേയം മുഖേന കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**17. നിയമങ്ങളും ചട്ടങ്ങളും മുതലായവ ബാധകമാക്കൽ**

ഒറ്റ തവണ ഉപയോഗിച്ച് മാലിന്യമാകുന്ന പ്ലാസിറ്റിക് ഉൽപ്പന്നങ്ങളുടെ നിരോധനം നില വിൽ വരുന്നത്, സർക്കാർ തീരുമാനത്തിന് വിധേയമായിരിക്കുന്നതാണ്. 1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവയിൽ ഉണ്ടാകുന്ന ഭേദഗതികൾ കൂടാതെ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും ടി നിയമാവലിക്ക് ബാധകമായിരിക്കുന്നതാണ്.

സെക്രട്ടറി

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

## അനുബന്ധം I

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

### പ്ലാസ്റ്റിക് ഖര-ദ്രവ-ഇ-മാലിന്യ പരിപാലന നിയമാവലി 6.13 പ്രകാരം

### നൂറോ അതിൽകൂടുതൽ ആളുകളോ പങ്കെടുക്കുന്ന ചടങ്ങുകൾ നടത്തുന്നതിനുള്ള

### അപേക്ഷ

1. അപേക്ഷകന്റെ പേര് :
2. പിതാവിന്റെ പേര് :
3. വിലാസം
   (ഫോൺ നമ്പർ ഉൾപ്പെടെ) :

4. ചടങ്ങിന്റെ പേര് :
5. ഉദ്ദേശം പങ്കെടുക്കുന്നവരുടെ എണ്ണം : സ്ത്രീ /പു ആകെ
6. ചടങ്ങ് നടത്താൻ ഉദ്ദേശിക്കുന്ന
   സ്ഥലത്തിന്റെ വിശദാംശം :
7. ചടങ്ങ് ഭക്ഷണത്തോടുകൂടിയോ /
   അല്ലാതെയോ :
8.

| വാർഡ് | കെട്ടിടനമ്പർ | സ്ഥലപേര് | സർവ്വെ നമ്പർ | വില്ലേജ് | ഹെൽത്ത് സർക്കിൾ/സോണൽ |
|---|---|---|---|---|---|
| | | | | | |

9. ലാൻഡ് മാർക്ക്(സ്ഥല സൂചിക) :
10. ചടങ്ങ് നടത്തുന്ന തിയതിയും സമയവും:
11. നടത്തുന്ന സ്ഥലം സ്വന്തമല്ലെങ്കിൽ
    സ്ഥലഉടമയുടെ സമ്മതപത്രം :
12. ശുചി മുറി സംവിധാനം ഒരുക്കിയിട്ടുണ്ടോ
    ഒരുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം
13. മാലിന്യങ്ങൾ വേർതിരിച്ച്
    സൂക്ഷിച്ച് കൈമാറുന്നതിനുള്ള സംവിധാനം :

**അപേക്ഷകന്റെ ഒപ്പ്**

---

ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ട് :

അനുബന്ധം II

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

## പ്ലാസ്റ്റിക് ഖര-ദ്രവ-ഇ-മാലിന്യ പരിപാലന നിയമാവലി 6.13 പ്രകാരം നൂറോ അതിൽകൂടുതൽ ആളുകളോ പങ്കെടുക്കുന്ന ചടങ്ങുകൾ നടത്തുന്നതിനുള്ള വ്യക്തികളുടെയും / സ്ഥാപനങ്ങളെയും സംബന്ധിച്ച രജിസ്റ്റർ

1. സ്ഥാപന / വ്യക്തിയുടെ
   പേരും വിലാസവും :
2. ചടങ്ങിന്റെ പേര് :
   (ചടങ്ങ് ഏതെന്ന് വ്യക്തമാക്കുക)

3. ഉദ്ദേശം പങ്കെടുക്കുന്നവരുടെ എണ്ണം : സ്ത്രീ /പു ആകെ

4. ചടങ്ങ് നടത്താൻ ഉദ്ദേശിക്കുന്ന
   സ്ഥലത്തിന്റെ വിശദാംശം :

7. വാർഡ് /കെട്ടിടനമ്പർ/സ്ഥലപേര്/
   സർവ്വെ നമ്പർ /വില്ലേജ് :

8. ലാൻഡ് മാർക്ക് :

9. നടത്തുന്ന സ്ഥലം സ്വന്തമല്ലെങ്കിൽ
   സ്ഥലഉടമയുടെ മറ്റുവിവരങ്ങൾ :
10. അനുവദിച്ച തിയതി , ഉത്തരവ്
    ഈടാക്കിയ ഫീസ് :
11. പരിശോധിച്ച ചുമതലയുള്ള
    ഉദ്യോഗസ്ഥന്റെ പേരും, തസ്തികയും:

10.സെക്രട്ടറിയുടെ ഒപ്പും, തിയതിയും :

**അനുബന്ധം III**

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

## (പ്ലാസ്റ്റിക് ഖര-ദ്രവ-ഇ-മാലിന്യ പരിപാലന നിയമാവലി 6.13 പ്രകാരം)

## ചടങ്ങുകൾ നടത്താനുള്ള അനുമതി പത്രം

കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ ………………. വാർഡിൽ ……………… സർവെ നമ്പറിൽ ……………………….. വില്ലേജിൽ ………………………………. എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ / സ്ഥലത്തിൽ ……………….. പേർ പങ്കെടുക്കുന്ന ……………………………….. ചടങ്ങ് നടത്തുന്നതിന് …………… തിയതി ……………….മണി മുതൽ ……………………. മണി വരെ ഭക്ഷണത്തോട് / ഭക്ഷണമില്ലാതെ നടത്തുന്നതിന് അനുവാദം നൽകികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**സെക്രട്ടറി**
**കോഴിക്കോട് കോർപ്പറേഷൻ**

**അനുബന്ധം IV**

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

**പ്ലാസ്റ്റിക് ഖര-ദ്രവ-ഇ-മാലിന്യ പരിപാലന നിയമാവലി 6.13 പ്രകാരം നൂറോ അതിൽകൂടുതൽ ആളുകളോ പങ്കെടുക്കുന്ന ചടങ്ങുകളിൽ ഉത്ഭവിക്കുന്ന ജൈവം അജൈവം മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ചുവെച്ച ജൈവ അജൈവമാലിന്യങ്ങൾ കോർപ്പറേഷൻ ചുമതലപ്പെടുത്തിയ അംഗീകൃത ഏജൻസിക്ക് നൽകേണ്ട കുറഞ്ഞ നിരക്ക്**

| ക്രമനമ്പർ | മാലിന്യങ്ങളെ കുറിച്ചുള്ള വിവരണം | കുറഞ്ഞ നിരക്ക് | |
|---|---|---|---|
| | | ജൈവം | അജൈവം |
| 1 | 100 മുതൽ 500 വരെ ആളുകൾ പങ്കെടുക്കുന്ന ലൈസൻസില്ലാത്ത പൊതു/സ്വകാര്യ സ്ഥലത്തെ ചടങ്ങുകളുടെ മാലിന്യ ശേഖരണം | 1500 | 500 |
| 2 | 500 കൂടുതൽ 1000 വരെ ആളുകൾ പങ്കെടുക്കുന്ന ലൈസൻസില്ലാത്ത പൊതു/ സ്വകാര്യ സ്ഥലത്തെ ചടങ്ങുകൾക്ക് മാലിന്യ ശേഖരണം. 1000ന് മുകളിൽ ഓരോ 1000ത്തിനും ജൈവ അജൈവമാലിന്യത്തിന് 500 രൂപ വീതം അധിക ഫീസായി ഒടുക്കേണ്ടതാണ്. | 3000 | 1000 |

### അനുബന്ധം V

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

## പ്ലാസ്റ്റിക് ഖര-ദ്രവ-ഇ-മാലിന്യ പരിപാലന നിയമാവലി 7.11 പ്രകാരം വീടുകളിൽ നിന്ന് തരംതിരിച്ച മാലിന്യങ്ങൾ ശേഖരിച്ചുവെച്ച ജൈവ അജൈവമാലിന്യങ്ങൾ കോർപ്പറേഷൻ ചുമതലപ്പെടുത്തിയ അംഗീകൃത ഏജൻസിക്ക് നൽകേണ്ട കുറഞ്ഞ പ്രതിമാസ നിരക്ക്

1.സ്വന്തമായി ജൈവമാലിന്യ സംസ്ക്കരണം നടത്തുന്ന വീടുകൾ ( കിച്ചൺ ബിൻ, പോട്ട് കമ്പോസ്റ്റ്, വളക്കുഴി മുഖേന ) ഹരിത കർമമ സേനാംഗം, മാസത്തിൽ രണ്ടു തവണ പരിശോധന നടത്തുന്നതിനും, അജൈവമാലിന്യം ശേഖരിക്കുന്നതിനുമായി 60രൂപ മാസം തോറും നൽകേണ്ടതാണ്.

2. കിച്ചൺ ബിൻ മുതലായ ഉപാധികൾ മുഖേന മാലിന്യ സംസ്ക്കരണം നടത്തുന്ന വീടുകൾക്ക് ആവശ്യമായ ഇനോക്കുലം (മാസത്തേക്ക് 30 ലിറ്റർ ) നൽകുകയും ആഴ്ചയിലൊരിക്കൽ സന്ദർശനം നടത്തുകയും, ആജൈവമാലിന്യം ശേഖരിക്കുകയും, സ്വന്തമായി ഉപയോഗിക്കുന്നില്ലെങ്കിൽ, ജൈവവളം തിരികെ ശേഖരിക്കുകയും, ചെയ്യുന്നതിന് ഹരിത കർമ്മ സേനക്ക് ഓരോമാസവും 250 രൂപ (ഇനോക്കുലത്തിന്റെ വിലയുൾപ്പെടെ)

3. കിച്ചൺ ബിൻ മുതലായ ഉപാധികൾ ഉപയോഗിച്ച് മാലിന്യസംസ്ക്കരണം നടത്തുന്ന വീടുകളിൽ അതിലൂടെ ലഭിക്കുന്ന ജൈവവളം ഉപയോഗിച്ച് പച്ചക്കറി കൃഷി ചെയ്യുന്നുവെങ്കിൽ ആവശ്യമായ ഇനോക്കുലം (പ്രതിമാസം 30 ലിറ്റർ ) നൽകുന്നതിനു പുറമെ ഹരിതസേനാംഗം ആഴ്ചയിലൊരിക്കൽ വീട് സന്ദർശിക്കുകയും, ജൈവ പച്ചക്കറി കൃഷി പരിപാലിക്കുകയും ചെയ്യുന്നതിന് പ്രതിമാസം 300 രൂപ (അജൈവമാലിന്യ ശേഖരണത്തിന് ഉൾപ്പെടെ) ഫീസായി നൽകേണ്ടതാണ്.

4.ദാരിദ്ര രേഖക്ക് താഴെയുള്ള / 60 മീറ്റർ സ്ക്വയർ വിസ്തൃതിയുള്ള വീടുകളിൽ താമസിക്കുന്ന കുടുംബങ്ങളെയും, വിഞ്ജാപനം ചെയ്ത ചേരിപ്രദേശത്തെ വീടുകളെയും അജൈവമാലിന്യശേഖരണത്തിന് ഫീസായി മാസത്തിൽ 30 രൂപ നിശ്ചയിച്ചിരിക്കുന്നു. ജൈവമാലിന്യ സംസ്ക്കരണത്തിന് സ്ഥലപരിമിതിമൂലം മാലിന്യ സംസ്ക്കരണം സ്വന്തം പുരയിടത്തിൽ സാധ്യമല്ലാത്തവർക്ക് സമൂഹതല മാലിന്യ സംസ്ക്കരണം ഉപയോഗപ്പെടുത്തേണ്ടതാണ്.

കുറിപ്പ് : 2500 സ്ക്വയർഫീറ്റ് കൂടുതൽ വിസ്തീർണ്ണമുള്ള വീടുകൾ സ്വന്തമായി ജൈവമാലിന്യസംസ്ക്കരണത്തിന് സംവിധാനം ഒരുക്കേണ്ടതാണ്.

അനുബന്ധം VI

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

**പ്ലാസ്റ്റിക് ഖര-ദ്രവ-ഇ-മാലിന്യ പരിപാലന നിയമാവലി 10.6 പ്രകാരം**
**കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ പരിധിയിലുള്ള**
**റസിഡൻസ് അസോസിയേഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ**

1. അപേക്ഷകന്റെ പേര് :
2. വിലാസം :

3. മെയിൽ ഐഡി, വാട്സ് അപ്പ് ഫോൺനം:
4. റസിഡൻസ് അസോസിയേഷന്റെ പേര് :
5. ഭാരവാഹികളുടെ പേര് :
   സ്ഥാനപേര് :
6. വാർഡിന്റെ പേര് / നമ്പർ :
   തെരുവിന്റെ പേര് :
7. ലാൻഡ്മാർക്ക് :

8. ആകെ വീടുകളുടെ എണ്ണം :
9. ആകെ ഉറവിട മാലിന്യ
സംസ്ക്കരണ സംവിധാനം
ചെയ്ത വീടുകളുടെ എണ്ണം :

<u>സത്യപ്രസ്താവന</u>

മേൽ കാണിച്ച വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

ഒപ്പ്
പ്രസിഡണ്ട് / സെക്രട്ടറിയുടെ പേര്

സ്ഥലം:
തിയതി:

---

ഓഫീസ് ആവശ്യത്തിന്

## അനുബന്ധം VII

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

### പ്ലാസ്റ്റിക് ഖര-ദ്രവ-ഇ-മാലിന്യ പരിപാലന നിയമാവലി 10.6 പ്രകാരം

### രജിസ്റ്റർ ചെയ്യപ്പെട്ട അയൽപക്കവേദി (റസിഡൻസ് അസോസിയേഷൻ) രജിസ്റ്റർ

1. പ്രസിഡണ്ടിന്റെ പേരും വിലാസവും :
   മെയിൽ ഐഡി/ വാട്സ്അപ്പ് നം
2. റസിഡൻസ് അസോസിയേഷന്റെ പേര് :
   വാർഡ് / തെരുവിന്റെ പേര് :
3. ഭാരവാഹികളുടെ പേര് :
4. രജിസ്റ്റർ ചെയ്ത തിയതി/
   പുതുക്കിയ തിയതി :
5. രജിസ്ട്രേഷൻ നമ്പർ :
   വീടുകളുടെ എണ്ണം :
6. ഒടുക്കിയ രജിസ്ട്രേഷൻ ഫീസ് :
7. രജിസ്ട്രേഷൻ അനുവദിച്ച
   ഉദ്യോഗസ്ഥന്റെ പേരും , ഒപ്പും :
8. കോർപ്പറേഷൻ സെക്രട്ടറിയുടെ
   ഒപ്പും തിയതിയും :

## അനുബന്ധം VIII

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

**(പ്ലാസ്റ്റിക് ഖര-ദ്രവ-ഇ-മാലിന്യ പരിപാലന നിയമാവലി 10.6 പ്രകാരം)**

**രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്**

കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിൽ ................ വാർഡിൽ ........................ പ്രദേശത്ത് പ്രവർത്തിക്കുന്ന .................................. എന്ന റസിഡൻസ് അസോസിയേഷൻ ...................... ........... സാമ്പത്തിക വർഷത്തിൽ .....................നമ്പറായി ..................... വർഷം ................മാസം ................ തിയതി ................. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു. പ്രസ്തുത രജിസ്ട്രേഷൻ കാലാവധി ...................... മുതൽ ............ വരെ

**സെക്രട്ടറി**
**കോഴിക്കോട് മുനിസിപ്പൽ സെക്രട്ടറി**

---

**രജിസ്ട്രേഷൻ പുതുക്കുന്നത് സംബന്ധിച്ച്**

| ക്രമ നം | രജിസ്ട്രേഷൻ കാലയളവ് | | അധികാരിയുടെ ഒപ്പ് | റിമാർക്ക്സ് |
|---|---|---|---|---|
| | മുതൽ | വരെ | | |
| | | | | |
| | | | | |

## അനുബന്ധം IX

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

### പ്ലാസ്റ്റിക് ഖര-ദ്രവ-ഇ-മാലിന്യ പരിപാലന നിയമാവലി 7.10 പ്രകാരം നഗരസഭ നിയോഗിക്കുന്ന അംഗീകൃത ഏജൻസിക്ക് സ്ഥാപനങ്ങളിൽ നിന്ന് നൽകേണ്ട ജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ നിരക്ക്

| ക്രമനമ്പർ | സ്ഥാപനങ്ങൾ | പ്രതിമാസ നിരക്ക് | | |
|---|---|---|---|---|
| | | എ | ബി | സി |
| 1 | തിയ്യേറ്റർ (സിനിമ) | 750 സീറ്റിൽ കൂടുതൽ | 500 സീറ്റ് മുതൽ 750 വരെ | 500 സീറ്റിൽ കുറവ് |
| | | 2000 | 1500 | 1000 |
| 2 | മെഡിക്കൽ ഷോപ്പ്/ സർജിക്കൽസ് | 1000 | 750 | 500 |
| 3 | ടീഷോപ്പ് | 1000 | 750 | 500 |
| 4 | ബേക്കറി റീട്ടെയിൽ | 1000 | 750 | 500 |
| 5 | ബോർമ | 1000 | 750 | 500 |
| 6 | ടെക്സ്റ്റൈൽസ് | 500 | 250 | 100 |
| 7 | പലചരക്ക് | 500 | 250 | 100 |
| 8 | ഹാർഡ്‌വെയർ ഹോം അപ്ളയൻസ് | 250 | 150 | 100 |
| 9 | പച്ചക്കറി, പഴം സ്റ്റാളുകൾ | 1000 | 500 | 250 |
| 10 | വർക്ക്ഷോപ്പ് | 250 | 150 | 100 |
| 11 | പൂക്കട | 500 | 250 | 100 |

| | | | | |
|---|---|---|---|---|
| 12 | പെയിന്റ് കട | 250 | 150 | 100 |
| 13 | ഓഫീസ്, ബങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങൾ | 100 ചതുരശ്രഅടി കുടുതൽ വിസ്തീർണ്ണം | 40 ചതുരശ്ര മീറ്ററിൽ കൂടുതൽ ചതുരശ്രഅടി വിസ്തീർണ്ണം | 40 ചതുരശ്രഅടി കുറവ് വിസ്തീർണ്ണം |
| | | 1000 | 500 | 250 |
| 14 | തെരുവു കച്ചവടക്കാർ | 500 | 250 | 150 |
| 15 | ഇലക്ട്രിക് സ്ഥാപനങ്ങൾ | 100 ചതുരശ്രഅടിയിൽ കുടുതൽ വിസ്തീർണ്ണം | 100 ചതുരശ്രഅടി വരെ വിസ്തീർണ്ണം | 40 ചതുരശ്രഅടിയിൽ കുറവ് വിസ്തീർണ്ണം |
| | | 1000 | 750 | 500 |
| 16 | ക്ലിനിക്കുകൾ, ലാബുകൾ (പാരാമെഡിക്കൽ സ്ഥാപനങ്ങൾ) | 500 | 250 | 150 |
| 17 | ബ്യൂട്ടി പാർലറുകൾ, ഫാൻസി | 500 | 250 | 150 |
| 18 | വിദ്യാഭ്യാസ സ്ഥാപനങ്ങൾ | 1000 കൂടുതൽ വിദ്യാർത്ഥികൾ | 500 ൽ കൂടുതൽ വിദ്യാർത്ഥികൾ | 500 താഴെ വിദ്യാർത്ഥികൾ |
| | | 2000 | 1000 | 500 |
| 19 | വാഹന വിൽപ്പന | 1000 കൂടുതൽ ജീവനക്കാർ | 50 വരെ ജീവനക്കാർ | 50 താഴെ ജീവനക്കാർ |
| | | 100 | 750 | 500 |
| 20 | ചിക്കൻസ്റ്റാൾ | 1 കിലോയ്ക്ക് 10 രൂപ അംഗീകൃത റന്ററിംഗ് സ്ഥാപനങ്ങൾക്ക് യൂസർഫീസായി നൽകൽ | | |

### അനുബന്ധം X

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

**പ്ലാസ്റ്റിക് ഖര-ദ്രവ-ഇ-മാലിന്യ പരിപാലന നിയമാവലി 7.10 പ്രകാരം നഗരസഭ നിയോഗിക്കുന്ന അംഗീകൃത ഏജൻസിക്ക് സ്ഥാപനങ്ങളിൽ നിന്ന് നൽകേണ്ട അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ നിരക്ക്**

| ക്രമനമ്പർ | സ്ഥാപനങ്ങൾ | പ്രതിമാസ നിരക്ക് ലൈസൻസ് ഫീ പട്ടിക പ്രകാരം | | |
|---|---|---|---|---|
| | | എ | ബി | സി |
| 1 | മാളുകൾ , സൂപ്പർമാർക്കറ്റുകൾ | 1000 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണം | 500 ചതുരശ്രമീറ്റർ വരെ വിസ്തീർണ്ണം | 500 ചതുരശ്രമീറ്റർ താഴെ വിസ്തീർണ്ണം |
| | | 10000 | 7500 | 5000 |
| 2 | ഹോട്ടലുകൾ | 10000 | 7500 | 5000 |
| 3 | കല്ല്യാണ മണ്ഡപങ്ങൾ | 10000 | 7500 | 5000 |
| 4 | ആശുപത്രികൾ | 10000 | 7500 | 5000 |
| 5 | തിയേറ്ററുകൾ | 7500 | 5000 | 2500 |
| 6 | ബേക്കറി | 2500 | 1000 | 500 |
| 7 | ബ്യൂട്ടി പാർലർ | 1000 | 500 | 250 |
| 8 | ടെക്സ്റ്റയിൽസ് | 5000 | 2000 | 500 |
| 9 | ബോർമ്മ | 500 | 250 | 100 |

| | | | | |
|---|---|---|---|---|
| 10 | ടെക്സ്റ്റയിൽസ് | 5000 | 1000 | 150 |
| 11 | സ്റ്റേഷനറി | 1000 | 500 | 250 |
| 12 | ഹാർഡ്വെയർ ഹോം അപ്ളയൻസ് | 1000 | 500 | 250 |
| 13 | ടൈലറിംഗ് | 750 | 500 | 100 |
| 14 | വർക്ക്ഷോപ്പ് | 1000 | 750 | 500 |
| 15 | പൂക്കട | 250 | 150 | 100 |
| 16 | രാസവളം | 250 | 150 | 100 |
| 17 | പെയിന്റ് കട | 250 | 150 | 100 |
| 18 | അപ്ഹോൾസ്റ്ററി | 2000 | 1500 | 500 |
| 19 | ലോട്ടറി | 500 | 250 | 100 |
| 20 | പാഴ്സൽ സർവ്വീസ് | 1000 | 500 | 250 |
| 21 | പരവതാനി, പായ, കൊട്ട, വട്ടി | 500 | 250 | 200 |
| 22 | ഫർണിച്ചർ | 1000 | 500 | 200 |
| 23 | സ്പെയർപാർട്ട്സ് | 1000 | 500 | 250 |
| 24 | ഓഫീസ്, ബങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങൾ | 500 | 250 | 200 |
| 25 | പ്രിന്റിംഗ് പ്രസ്, പ്രസിദ്ധീകരണങ്ങൾ, ബുക്ക് സ്റ്റാൾസ് | 1000 | 750 | 500 |
| 26 | തെരുവു കച്ചവടക്കാർ | 2 മീറ്റർ ചതുരശ്രമീറ്റർ കുടുതൽ മുഴുവൻ സമയം 500 | 1 ചതുരശ്രമീറ്റർ മുതൽ 2 ചതുരശ്രമീറ്റർ മീറ്റർ വരെ | 1 മീറ്റർ ചതുരശ്രമീറ്റർ വരെ 250 |

| | | | | |
|---|---|---|---|---|
| | | | 300 | |
| 27 | മൊബൈൽ ഷോപ്പുകൾ /സിം ആക്സസറീസ് കടകൾ | 500 | 250 | 150 |
| 28 | ഇലക്ട്രിക് സ്ഥാപനങ്ങൾ | 750 | 500 | 250 |
| 29 | ഡി ടി പി സെന്ററുകൾ | 100 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണം | 100 ചതുരശ്ര അടിയിൽ മുതൽ 50 ചതുരശ്ര അടിയിൽ വരെ വിസ്തീർണ്ണം | 50 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണം |
| | | 300 | 200 | 100 |
| 30 | ട്രാവൽസ് | 500 | 250 | 200 |
| 31 | ക്ലിനിക്കുകൾ, ലാബുകൾ (പാരാമെഡിക്കൽ സ്ഥാപനങ്ങൾ) | 500 | 250 | 200 |
| | | ബയോ മെഡിക്കൽ മാലിന്യങ്ങൾ ഒഴികെ | | |
| 32 | ബ്യൂട്ടി പാർലറുകൾ, ഫാൻസി | 500 | 250 | 100 |
| 33 | വിദ്യാഭ്യാസ സ്ഥാപനങ്ങൾ | 750 | 500 | 250 |
| 34 | ചെരുപ്പ്/ ബാഗ് ഉടമകൾ | 1000 | 750 | 150 |
| 35 | ടീഷോപ്പ് | 500 | 250 | 100 |
| 36 | സാനിറ്ററി / ഗ്ലാസ് / പ്ലൈവുഡ് കടകൾ | 1000 | 500 | 250 |

| | | | | |
|---|---|---|---|---|
| 37 | ബാർബർ ഷോപ്പുകൾ | 500 | 300 | 200 |
| 38 | വാഹന വിൽപ്പന | 1000 | 750 | 500 |
| 39 | ആഭരണ നിർമമാണം | 250 | 150 | 100 |
| 40 | സ്വർണ്ണവ്യാപാരം | 1000 | 750 | 500 |
| 41 | ടയർ റീസോളിംഗ് | 750 | 500 | 250 |
| 42 | ട്രാവൽസ് | 250 | 150 | 100 |
| 43 | ഫാൻസി | 500 | 250 | 100 |
| 44 | പെട്രോൾ പമ്പ് | 500 | 300 | 250 |
| 45 | മെഡിക്കൽ ഷോപ്പ് | 500 | 300 | 150 |
| 46 | ഓട്ടോ കൺസൾട്ടന്റ് | 500 | 300 | 150 |
| 47 | ധനകാര്യ സ്ഥാപനങ്ങൾ | 500 | 300 | 150 |
| 48 | വാഹന റിപ്പയർ | 500 | 300 | 250 |
| 49 | സൈക്കിൾ ഷാപ്പ് | 500 | 300 | 150 |
| 50 | ഇലക്ട്രോണിക്സ് | 1000 | 750 | 500 |
| 51 | ഇലക്ട്രിക്കൽ ഷോപ്പ് | 1000 | 750 | 500 |
| 52 | ഡ്രൈവിംഗ് സ്കൂൾ | 250 | 150 | 100 |
| 53 | ലോഡ്ജിംഗ് | 1000 | 750 | 500 |
| 54 | ഹോസ്റ്റൽ | 750 | 500 | 250 |
| 55 | ബുക്ക് സ്റ്റാൾ | 500 | 250 | 200 |
| 56 | കൂൾബാർ | 500 | 250 | 150 |
| 57 | ബീഫ് സ്റ്റാൾ | 500 | 250 | 200 |
| 58 | ഫോട്ടോസ്റ്റാറ്റ് | 500 | 250 | 200 |

കുറിപ്പ് : തറവിസ്തീർണ്ണം പരിഗണിക്കുമ്പോൾ പ്രസ്തുത പരിസരത്തെ അനുബന്ധ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണവും പരിഗണിക്കുന്നതാണ്.

## അനുബന്ധം XI

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

**പ്ലാസ്റ്റിക് ഖര-ദ്രവ-ഇ-മാലിന്യ പരിപാലന നിയമാവലി 14.43 പ്രകാരം**

**നക്ഷത്രപദവി അനുവദിക്കുന്നതിനുള്ള അപേക്ഷ**

1. അപേക്ഷകന്റെ പേര് :
2. അപേക്ഷകന്റെ വിലാസം :
3. അപേക്ഷകന്റെ ഫോൺനമ്പർ :
4. അപേക്ഷിക്കുന്ന കെട്ടിടത്തിന്റെ വാർഡ് നമ്പർ, കെട്ടിടനമ്പർ ലാൻഡ് മാർക്ക് :
5. മെയിൽ ഐഡി/വാട്സ്അപ്പ് നമ്പർ :
6. ഖരമാലിന്യ പരിപാലനത്തിനായി സ്ഥാപിച്ച ഉറവിട മാലിന്യസംസ്ക്കരണ യൂണിറ്റിന്റെ വിശദാംശങ്ങൾ :
7. ദ്രവ മാലിന്യ പരിപാലനത്തിനായി സ്ഥാപിച്ച പ്ലാന്റിന്റെ സ്ഥാപിതശേഷി മറ്റ് വിശദാംശങ്ങൾ :
8. ഖര-ദ്രവ മാലിന്യ പ്ലാന്റുകൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ ? :
9. അജൈവ മാലിന്യങ്ങൾ ശേഖരിച്ച് കൈമാറുന്നതിന് എം ആർ എഫ് സംവിധാനം ഒരുക്കി ശാസ്ത്രീയമായി പരിപാലിക്കുന്നുണ്ടോ ? :
10. വീടിന്റെ / സ്ഥാപനത്തിന്റെ കെട്ടിടവും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നുണ്ടോ ? :
11. കെട്ടിടത്തിന്റെ അറ്റകുറ്റപണി / പെയിന്റിംഗ് പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടോ ? :
12. അവസാനം കെട്ടിടം പെയിന്റ് ചെയ്ത തിയതി :
13. അപേക്ഷകൻ കെട്ടിടത്തിന്റെ ഉടമസഥനോ/കൈവശക്കാരനോ :
14. കൈവശക്കാരനാണെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ടോ ? :
15. വീടുകൾ / സ്ഥാപനം പച്ചക്കറി കൃഷി നടത്തി പരിപാലിക്കുന്നുണ്ടോ ? :

മേൽ കാണിച്ച വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചു കൊള്ളുന്നു.

സ്ഥലം: അപേക്ഷന്റെ / അപേക്ഷകയുടെ ഒപ്പ്

തിയതി

### അനുബന്ധം XII

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

പ്ലാസ്റ്റിക് ഖര-ദ്രവ-ഇ-മാലിന്യ പരിപാലന നിയമാവലി 14.43.9 പ്രകാരം

പരിശോധിച്ച് തയ്യാറാക്കുന്ന പരിശോധന റിപ്പോർട്ട്

1. പരിശോധിച്ച കെട്ടിട നമ്പർ :
2. വീട് / സ്ഥാപനമാണോ :
3. വീടിന്റെ / സ്ഥാപനത്തിന്റെ തരം :
4.ഉറവിടത്തിൽ ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്ന തിന് സ്ഥാപിച്ചത് ഏത് തരം സംവിധാനമാണ് ? :
5. ദ്രവമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് സ്ഥാപിച്ചത് ഏത് തരം സംവിധാനമാണ് ? :
6.ആയത് കൃത്യമായി പരിപാലിക്കുകയും പ്രവർത്തന ക്ഷമവുമാണോ ? :
7. പൊതു ശുചിത്വ നിലവാരം തൃപ്തികരമാണോ :
8.മാലിന്യ പരിപാലനം തൃപ്തികരമാണ് എങ്കിൽ ഏത് തരം നക്ഷത്രപദവി നൽകാം :
9. പരിശോധന ഉദ്യോഗസ്ഥരുടെ പേര് , ഒപ്പ്, തിയതി:

1.
2.
3.

നികുതി ഇളവ് അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

എത്ര ശതമാനം നികുതി ☐ 3 % ☐ 5 % ☐ 10 % ഇളവ് അനുവദിച്ചു കൊണ്ട് ശുപാർശ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പേര് , ഒപ്പ്, തിയതി

അംഗീകരിച്ച ഉദ്യോഗസ്ഥന്റെ പേര് , ഒപ്പ്, തിയതി

നിലവിലുള്ള നികുതി ഇളവ് അനുവദിച്ചതിന് ശേഷമുള്ള നികുതിനിരക്ക്

നികുതി രേഖപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര് ഒപ്പ്, തിയതി

സ്ഥലം:

തിയതി

അനുബന്ധം XIII

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

**പ്ലാസ്റ്റിക് ഖര-ദ്രവ-ഇ-മാലിന്യ പരിപാലന നിയമാവലി 14.40.12 പ്രകാരം**

**പ്രിവിലേജ് കാർഡ് രജിസ്റ്റർ**

1. കാർഡ് നം
2. പേര് :
3. വിലാസം :

4. കെട്ടിടത്തിന്റെ നമ്പർ :

5.സ്ഥാപനത്തിന്റെ പേര് / വീട്ടുപേര് :

6. അനുവദിച്ച നക്ഷത്രപദവി :

സെക്രട്ടറി

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

സ്ഥലം:

തിയതി

അനുബന്ധം XIV

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

പ്ലാസ്റ്റിക് ഖര-ദ്രവ-ഇ-മാലിന്യ പരിപാലന നിയമാവലി 14.40.13 പ്രകാരം

പ്രിവിലേജ് കാർഡ്

1. കാർഡ് നം
2. പേര് :
3. വിലാസം :

4. കെട്ടിടത്തിന്റെ നമ്പർ / വീട്ടുനമ്പർ :

5.സ്ഥാപനത്തിന്റെ പേര് / വീട്ടുപേര് :

6. അനുവദിച്ച നക്ഷത്രപദവി :

സെക്രട്ടറി

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

സ്ഥലം:

തിയതി

കുറിപ്പ് : മുന്ന് നക്ഷത്ര പദവിക്ക് പച്ച നിറമുള്ള കാർഡും, രണ്ട് നക്ഷത്ര പദവിക്ക് നില നിറമുള്ള കാർഡും, ഒരു നക്ഷത്ര പദവിക്ക് വെള്ളനിറമുള്ള കാർഡും അനുവദിക്കേണ്ടതാകുന്നു.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല എന്നാൽ പൊതു ഉദ്ദേശം ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994 ലെ 20 ആക്ട്)334 എ(എ)വകുപ്പ് പ്രകാരം എല്ലാവീടുകൾക്കും, സ്ഥാപനങ്ങൾക്കും ഓഫീസുകൾക്കും ഉറവിടമാലിന്യ പരിപാലനം നിർബന്ധമാക്കിക്കൊണ്ടും ജൈവദ്രവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിനും 1986ലെ പരിസ്ഥിതി (സംരക്ഷണ ആക്ട് 1986ലെ 29-ാം ആക്ട് ) ന് കീഴിൽ വിജ്ഞാപനം ചെയ്ത 2016ലെ ഖരമാലിന്യ പരിപാലനചട്ടങ്ങളിലെ 4(3) ചട്ട പ്രകാരം മാലിന്യ പരിപാലനത്തിന് യൂസർഫീ നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാകയാലും, 4(4) ചട്ടപ്രകാരം 100 പേരിൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്ന എല്ലാചടങ്ങുകൾക്കും മുനിസിപ്പൽ കോർപ്പറേഷന്റെ അനുമതി നിർബന്ധമാക്കികൊണ്ടും 4(6)(7) ചട്ടപ്രകാരം അയൽപക്കവേദി ഗേറ്റഡ് കമ്മ്യൂണിറ്റി, ഫ്ളാറ്റുകൾ എന്നിവ രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷ രജിസ്റ്റർ ഫീസ് നിശ്ചയിച്ചുകൊണ്ടും, 2016 ലെ ഖരമാലിന്യ പരിപാലനചട്ടത്തിലെ 15(ഇ) ചട്ടപ്രകാരവും 2016ലെ പ്ലാസ്റ്റിക് മാലിന്യപരിപാലനചട്ടങ്ങളിലെ 6(4) ചട്ടപ്രകാരവും 2016 ലെ ഈ മാലിന്യപരിപാലന ചട്ടങ്ങളിലെ 17-ാം ചട്ടപ്രകാരവും 2016 ലെ കെട്ടിടനിർമ്മാണം പൊളിക്കൽ ചട്ടങ്ങളിലെ 6-ാം ചട്ടപ്രകാരവും കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ നിയമാവലി ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നു. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.